I ഇ.ബി. XIV - കേരള നിയമസഭ/II-16

# പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

## നിയമസഭാ നടപടികൾ - സംഗ്രഹം

2016 ഒക്ടോബർ 26, ബുധൻ

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

(8.30 മുതൽ 9.30 വരെ ചോദ്യോത്തര സമയം)

**I അടിയന്തരപ്രമേയം**

ഭക്ഷ്യ ഭദ്രതാ നിയമം

മി. സ്പീക്കർ: ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം നടപ്പാക്കുന്നതിന്റെ ഭാഗമായി തയ്യാറാക്കിയ റേഷൻ മുൻഗണനാ കരട് പട്ടികയിലെ അപാകതകൾ

പരിഹരിക്കുന്നതിനുള്ള അപേക്ഷകൾ സ്വീകരിക്കുന്നതിലുണ്ടായ ഗുരുതരമായ വീഴ്ചകൾ കാരണം ജനങ്ങൾക്കുണ്ടായിട്ടുള്ള ബുദ്ധിമുട്ടുകളും ആശങ്കകളും സംബന്ധിച്ച് സഭാ നടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ അനൂപ് ജേക്കബ്, പി. ടി. തോമസ്, റ്റി. എ. അഹമ്മദ് കബീർ എന്നീ അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (<u>ശ്രീ. പി. തിലോത്തമൻ</u>): ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം 2013 ജൂലൈയിൽ പാസ്സാക്കിയെങ്കിലും സംസ്ഥാനത്ത് ഈ നിയമം നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് മുൻഗണനാ പട്ടികയിലെ യഥാർത്ഥ അവകാശികളെ കണ്ടെത്തുന്നതിനായി കഴിഞ്ഞ ഗവൺമെന്റ് 01-01-2015-ലാണ് പുതിയ റേഷൻ കാർഡിനുള്ള ഫോറം അച്ചടിച്ചുവിതരണം ചെയ്തത്. പ്രസ്തുത ഫോറം ഓരോ കുടുംബങ്ങളും സ്വമേധയാ തയ്യാറാക്കേണ്ടതിനെയും ഉദ്യോഗസ്ഥർ കളക്ട് ചെയ്യേണ്ടതിനെയും പ്രോസസ് ചെയ്യേണ്ടതിനെയും സംബന്ധിച്ച് ആക്ടിൽ പറഞ്ഞിട്ടുണ്ട്. മുൻ സർക്കാർ പ്രസ്തുത പ്രോസസ് നടത്തുന്നതിന് താലൂക്കടിസ്ഥാനത്തിൽ റാങ്കിംഗ് നിശ്ചയിച്ച് കൊടുങ്ങല്ലൂർ താലൂക്കിലും എറണാകുളം സിറ്റി റേഷനിംഗ് ആഫീസറുടെ പരിധിയിലും പ്രസിദ്ധീകരിച്ച ലിസ്റ്റിൽ ധാരാളം അപാകതകൾ കടന്നുകൂടിയെന്ന

പരാതിയുടെ അടിസ്ഥാനത്തിൽ ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം എൻ.എഫ്.എസ്.എ. ആക്ട് നടപ്പാക്കുന്നത് സംബന്ധിച്ച് പരിശോധിക്കുകയും സംസ്ഥാനാടിസ്ഥാനത്തിൽ റാങ്കിംഗ് നിശ്ചയിച്ച് പ്രയോറിറ്റി ലിസ്റ്റ് തയ്യാറാക്കാൻ തീരുമാനമെടുക്കുകയുമുണ്ടായി. ഒക്ടോബർ മാസം 20-ാം തീയതി പ്രസ്തുത കരട് ലിസ്റ്റ് പ്രസിദ്ധീകരിക്കുകയും ആക്ഷേപങ്ങൾ/പരാതികൾ സമർപ്പിക്കുന്നതിന് ഒക്ടോബർ 30-വരെ സമയം അനുവദിക്കുകയും ചെയ്തതിന്റെ അടിസ്ഥാനത്തിലാണ് ഒക്ടോബർ 24 മുതൽ പരാതികൾ/ആക്ഷേപങ്ങൾ നൽകാൻ ജനങ്ങൾ ഓരോ ആഫീസുകളിലും എത്തിച്ചേർന്നത്. എല്ലാ താലൂക്ക് സപ്ലൈ ഓഫീസുകളിലും പഞ്ചായത്ത്/ മുനിസിപ്പൽ ഓഫീസുകളിലും വില്ലേജ് ഓഫീസുകളിലും ക്രമീകരണങ്ങൾ ഏർപ്പെടുത്തണമെന്ന് നിർദ്ദേശിച്ചിരുന്നെങ്കിലും അറിയിപ്പ് ലഭിക്കാത്ത കുറച്ച് വില്ലേജ് ഓഫീസുകളിലും പഞ്ചായത്ത് ആഫീസുകളിലും വേണ്ടത്ര ക്രമീകരണങ്ങളുണ്ടായില്ല. ഇന്നലെയോടുകൂടി ക്രമീകരണങ്ങളെല്ലാം പൂർത്തിയാകുകയും ആക്ഷേപങ്ങളും പരാതികളും സ്വീകരിക്കാനുള്ള തീയതി 5 ദിവസംകൂടി ദീർഘിപ്പിച്ചുനൽകുകയും ചെയ്തിട്ടുണ്ട്. ഇതുവരെ 1,47,947 പരാതികൾ ലഭിക്കുകയും 7375 പരാതികൾ/ആക്ഷേപങ്ങൾക്ക് പരിഹാരമുണ്ടാക്കുകയും ചെയ്തിട്ടുണ്ട്. അനർഹരായിട്ടുള്ളവർ മുൻഗണനാ

പട്ടികയിൽ വന്നിട്ടുണ്ടെങ്കിൽ പരിശോധിച്ച് ഉചിതമായ തീരുമാനമെടുക്കുന്നതാണ്. പ്രസ്തുത പ്രോസ്സസ് വെരിഫിക്കേഷൻ കമ്മിറ്റി പഞ്ചായത്ത് നിലവാരത്തിൽ നിർവ്വഹിക്കും. അതിനുശേഷവും അപ്പീൽ കൊടുക്കാൻ സമയം അനുവദിച്ചുകൊണ്ട് കുറ്റമറ്റരീതിയിലുള്ള ഒരു പട്ടിക തയ്യാറാക്കാനാണ് ഉദ്ദേശിക്കുന്നത്.

ശ്രീ. അനൂപ് ജേക്കബ്: ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം നടപ്പിലാക്കുന്നതിന്റെ ഭാഗമായി കുറ്റമറ്റരീതിയിൽ റേഷൻ മുൻഗണനാ കരട് പട്ടിക തയ്യാറാക്കുന്നതിനാവശ്യമായ സമയവും ക്രമീകരണങ്ങളും ഏർപ്പെടുത്തുന്നതിന് സർക്കാരിന് സാധിച്ചിട്ടില്ല. 20-10-2016-ൽ റേഷൻ മുൻഗണനാ കരട് പട്ടിക ഔദ്യോഗികമായി പ്രസിദ്ധീകരിക്കുകയും 21-ാം തീയതി മുതൽ ഇതുസംബന്ധിച്ച പരാതികൾ സ്വീകരിച്ച് തുടങ്ങുകയും ചെയ്തെങ്കിലും ഉദ്യോഗസ്ഥർക്ക് ട്രെയിനിംഗ് നൽകുന്നത് 25-10-2016 മുതലാണ്. പട്ടിക പ്രസിദ്ധീകരിക്കുന്നതിന് മുമ്പുതന്നെ ഉദ്യോഗസ്ഥർക്ക് ആവശ്യമായ ക്രമീകരണങ്ങളും ട്രെയിനിംഗും നൽകാത്തതുകൊണ്ടാണ് നെയ്യാറ്റിൻകര, നെടുമങ്ങാട്, ചിറ്റൂർ, പാലക്കാട് ഉൾപ്പെടെയുള്ള താലൂക്കുകളിൽ അനിയന്ത്രിത ജനപ്രവാഹത്തിന് കാരണമായത്. പഞ്ചായത്ത് ഓഫീസുകളിലും വില്ലേജ് ഓഫീസുകളിലും അതുസംബന്ധിച്ച് അറിയിപ്പൊന്നും കിട്ടാത്തതിനാൽ അവർ പരാതികൾ സ്വീകരിക്കാൻ

തയ്യാറായില്ല. നവംബർ മാസം അഞ്ചാം തീയതി വരെ പരാതി സമർപ്പിക്കുന്നതിന് സമയദൈർഘ്യം അനുവദിച്ചിട്ടുണ്ടെങ്കിലും 15-11-2016-ൽ വെരിഫിക്കേഷൻ പൂർത്തിയാക്കണമെന്നാണ് ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയിരിക്കുന്നത്. ധൃതിപിടിച്ച് നടപടിക്രമങ്ങൾ പൂർത്തീകരിക്കാൻ ശ്രമിച്ചാൽ കരട് പട്ടികയിൽ നിലനിൽക്കുന്ന തെറ്റുകൾ ആവർത്തിക്കുമെന്ന കാര്യത്തിൽ സംശയമില്ല. കരട് പട്ടികയിൽ ഉൾപ്പെട്ടവരുടെ പഴയ റേഷൻ കാർഡുകളിൽ സീൽ പതിപ്പിച്ചുകൊണ്ടാണ് നവംബർ മാസം മുതൽ ഈ നിയമം താൽക്കാലികമായി നടപ്പിലാക്കാൻ പോകുന്നത്. കരട് മുൻഗണനാ പട്ടികയിലെ അപാകതകൾ പൂർണ്ണമായും പരിഹരിക്കുന്നതിനായി ഉദ്യോഗസ്ഥർക്കും പരാതിക്കാർക്കും കൂടുതൽ സമയദൈർഘ്യം അനുവദിക്കേണ്ടതാണ്. മുൻ സർക്കാർ ചികിത്സാ ആനുകൂല്യവും മറ്റും ലഭിക്കുന്നതിനായി മാരകരോഗം ബാധിച്ചവരേയും ആശ്രയ പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ളവരേയും മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്തുന്നതിന് തീരുമാനിച്ചിരുന്നെങ്കിലും ഇപ്പോഴത്തെ കരട് മുൻഗണനാ പട്ടികയിൽ അവരുടെ പേരുകൾ ഉൾപ്പെട്ടിട്ടില്ല. 2013 ഒക്ടോബർ മാസത്തിൽ ഭക്ഷ്യ ഭദ്രതാ നിയമം പ്രാബല്യത്തിൽ വന്നെങ്കിലും അർഹരായവരെ കണ്ടെത്തിയതിനുശേഷം 2014 ജൂലൈ മാസത്തോടുകൂടി യു.ഡി.എഫ്. ഗവൺമെന്റ് റേഷൻ കാർഡുകൾ പുന:ക്രമീകരിക്കാനുള്ള നടപടികൾ സ്വീകരിച്ച

തുടങ്ങി. മുൻ ഗവൺമെന്റ് തയ്യാറാക്കിയ താലൂക്ക് ലെവൽ റാങ്കിംഗിനു പകരം സ്റ്റേറ്റ് ലെവൽ റാങ്കിംഗ് അനുസരിച്ചുള്ള മുൻഗണനാ പട്ടികയാണ് ഇപ്പോൾ പ്രസിദ്ധീകരിച്ചിരിക്കുന്നത്. കേരളത്തിൽ ഭരണമാറ്റവും നയംമാറ്റവും ഉണ്ടായതിനാൽ നിയമം നടപ്പിലാക്കാൻ കൂടുതൽ സമയം ആവശ്യമാണെന്നുള്ളത് കേന്ദ്ര ഗവൺമെന്റിനെ കൃത്യമായി ബോദ്ധ്യപ്പെടുത്തേണ്ടതായിരുന്നു. ഭക്ഷ്യ ഭദ്രതാ നിയമം വൈകിയതുകൊണ്ടാണ് അരിയുടെ വിഹിതത്തിൽ കുറവുണ്ടായതെങ്കിൽ പെട്രോളിയം മന്ത്രാലയത്തിന്റെ കീഴിൽ വരുന്ന മണ്ണെണ്ണയുടെ അളവിൽ 36 ശതമാനം കുറവുണ്ടായതിന്റെ കാരണം വ്യക്തമാക്കണം. ഭക്ഷ്യ ഭദ്രതാ നിയമം നടപ്പിലാക്കുമ്പോൾ നമുക്ക് ലഭ്യമാകുന്നത് 14.25 ലക്ഷം ടൺ ഭക്ഷ്യധാന്യം മാത്രമാണ്. കൃത്യമായ ഇടപെടലുകൾ നടത്തി 16.5 ലക്ഷമെന്ന നമ്മുടെ ക്ലെയിമിൽ ഉറച്ചുനിൽക്കുന്നതിനും അത് നേടിയെടുക്കുന്നതിനും ശ്രമിക്കണം. കരട് മുൻഗണനാ പട്ടിക സംബന്ധിച്ചുള്ള പരാതികൾ സ്വീകരിക്കുന്നതിനും പോരായ്മകൾ പരിഹരിക്കുന്നതിനുമുള്ള സമയം ദീർഘിപ്പിച്ചുനൽകണം. ഈ വിഷയം സഭ നിർത്തിവച്ച് ചർച്ച ചെയ്യണം.

ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പി. തിലോത്തമൻ): യു.ഡി.എഫ്. സർക്കാർ കേന്ദ്ര ഗവൺമെന്റിന് കൃത്യമായ കണക്കുകൾ നൽകാതിരുന്നതുകൊണ്ടാണ് ഭക്ഷ്യധാന്യ വിഹിതം വെട്ടിക്കുറച്ചത്. അഞ്ചുവർഷം കൂടുമ്പോൾ റേഷൻ കാർഡ് പുതുക്കണമെന്നിരിക്കെ 2012-ൽ പുതുക്കേണ്ട റേഷൻ കാർഡ് 2013-ൽ എൻ.എഫ്.എസ്.എ. ആക്ട് വന്നതിനുശേഷം 2015-ലാണ് പുതുക്കാനുള്ള ഫോറം തയ്യാറാക്കിയത്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മുൻഗണനാപട്ടികയിലെ അപാകതകൾ പരിശോധിക്കുന്നത് സംബന്ധിച്ച് ഉദ്യോഗസ്ഥർക്ക് പരിശീലനം നൽകുന്നതിന് 2 വർക്ക്ഷോപ്പുകൾ നടത്തുകയും വെരിഫിക്കേഷൻ കമ്മിറ്റി അംഗങ്ങൾക്ക് ജില്ലാതലത്തിൽ പരിശീലനം നടത്തിക്കൊണ്ടിരിക്കുകയും ചെയ്യുന്നു. ആശ്രയ പദ്ധതിയിലും തൊഴിലുറപ്പ് പദ്ധതിയിലുംപെട്ടവർ, പാർശ്വവത്കരിക്കപ്പെട്ട ജനവിഭാഗങ്ങൾ എന്നിവരെയൊക്കെ മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്തി റേഷൻകാർഡ് വിതരണം സമയബന്ധിതമായി പൂർത്തിയാക്കും. പട്ടിക തയ്യാറാക്കുന്നതിന് ആറുമാസത്തെ സമയം

നൽകണമെന്ന് കേന്ദ്രത്തോട് ആവശ്യപ്പെട്ടിരുന്നു. എ.പി.എൽ. കാർഡുടമകൾക്ക് കുറഞ്ഞ നിരക്കിൽ നൽകിയിരുന്ന അരി വിഹിതം കേന്ദ്ര ഗവൺമെന്റ് നിർത്തലാക്കിയത് ഈ സർക്കാരിന്റെ സമ്മർദ്ദ ഫലമായി പുന:സ്ഥാപിച്ചിട്ടുണ്ട്. ഇന്ത്യയിൽ ഏറ്റവും കൂടുതൽ ഭക്ഷ്യക്ഷാമം അനുഭവിക്കുന്ന കേരളത്തിന് അനുവദിച്ചിട്ടുള്ള അരി വിഹിതം വളരെ കുറവാണ്. മുൻ ഗവൺമെന്റിന്റെ കാലത്ത് മൂന്നുവർഷത്തെ അരിയുടെ ഉപഭോഗം കേന്ദ്രത്തിൽ അറിയിക്കുന്നതിൽ വന്ന വീഴ്ചയാണ് ഭക്ഷ്യധാന്യം വെട്ടിക്കുറയ്ക്കാൻ ഇടയാക്കിയത്. 2013-ൽ പ്രാവർത്തികമായ നിയമം 2016 വരെ നടപ്പാക്കാതിരുന്നതിലൂടെ കോടിക്കണക്കിന് രൂപയാണ് സംസ്ഥാനത്തിന് നഷ്ടമായത്. ഈ നിയമം സുതാര്യവും കാര്യക്ഷമവുമായി നടപ്പാക്കുന്നതിനും അർഹതപ്പെട്ട മുഴുവൻ ആളുകൾക്കും ഭക്ഷ്യധാന്യം വിതരണം ചെയ്യുന്നതിനും നടപടി സ്വീകരിക്കുന്നതാണ്. മത്സ്യബന്ധന യാനങ്ങൾ പ്രവർത്തിക്കാൻ വിഭജിച്ചുകൊടുത്തിരുന്ന മണ്ണെണ്ണയാണ് വെട്ടിക്കുറച്ചിരിക്കുന്നത്. അതുകൊണ്ട് സംസ്ഥാനത്തിന് അവകാശപ്പെട്ടതും അർഹതപ്പെട്ടതുമായ വിഹിതം

കേന്ദ്രത്തിൽനിന്നും നേടിയെടുക്കുന്നതിൽ എല്ലാവരും ഒരുമിച്ചുനിൽക്കണം. ഈ വിഷയം സഭ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

(സർക്കാർ നിലപാടിൽ പ്രതിഷേധിച്ച് സർവ്വശ്രീ രമേശ് ചെന്നിത്തല, പി.കെ. കുഞ്ഞാലിക്കുട്ടി, അനൂപ് ജേക്കബ്, കെ. എം. മാണി എന്നീ പ്രതിപക്ഷകക്ഷി നേതാക്കൾ പ്രസ്താവനകൾ നടത്തിയശേഷം അവരവരുടെ പാർട്ടി അംഗങ്ങളോടൊപ്പം സഭയിൽനിന്ന് പുറത്തുപോയി.)

ശ്രീ. ഒ. രാജഗോപാൽ: 2013-ൽ കേന്ദ്ര ഗവൺമെന്റ് പാസ്സാക്കിയ നിയമം 2016-ൽ എങ്കിലും ഈ സർക്കാർ നടപ്പാക്കാൻ തയ്യാറായത് സ്വാഗതാർഹമായ കാര്യമാണ്. ഇപ്പോൾ പ്രസിദ്ധീകരിച്ചിട്ടുള്ള ലിസ്റ്റിൽ പാർട്ടി പരിഗണനയും രാഷ്ട്രീയ സ്വാധീനവും വന്നിട്ടുള്ളതായി വ്യാപക പരാതിയുണ്ട്. ചുരുങ്ങിയ സമയംകൊണ്ട് മുൻഗണനാ പട്ടികയിലെ തെറ്റുകൾ തിരുത്താൻ സാധിക്കുകയില്ല. അപാകത സംബന്ധിച്ച് പരാതി നൽകാനുള്ള സമയം ദീർഘിപ്പിച്ചുനൽകണം. ധൃതിപിടിച്ച് റേഷൻ കാർഡുകൾ തയ്യാറാക്കുന്നത് പ്രതിഷേധാർഹമാണ്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): അടിയന്തരപ്രമേയം അവതരിപ്പിച്ചശേഷം ഗവൺമെന്റ് ഭാഗത്തുനിന്നുള്ള മറുപടി കഴിഞ്ഞാൽ പ്രതിപക്ഷം

വാക്കൗട്ട് പ്രസംഗം നടത്തുകയാണ് പതിവ്. കക്ഷിനേതാവെന്ന നിലയ്ക്ക് ഒരാൾക്ക് വാക്കൗട്ട് പ്രസംഗം നടത്താനുള്ള അവകാശമുണ്ട്. എന്നാൽ കക്ഷിനേതാവായ പ്രമേയ അവതാരകൻതന്നെ വാക്കൗട്ട് പ്രസംഗംകൂടി നടത്തിയാൽ സഭാനടപടികൾ ദീർഘിച്ചുപോകുന്ന സ്ഥിതിവിശേഷമുണ്ടാകും. ഇക്കാര്യത്തിൽ നിയന്ത്രണമുണ്ടാകണം.

(സഭ വിട്ട് പുറത്തുപോയ അംഗങ്ങൾ തിരികെ ഹാജരായി)

## II ശ്രദ്ധക്ഷണിക്കൽ

(1) ലഹരി മാഫിയ പ്രവർത്തനം

ശ്രീ. മുല്ലക്കര രത്നാകരൻ: സമൂഹത്തിന്റെ വികസനത്തേയും ഭാവിയേയും ബാധിക്കുന്ന തരത്തിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ലഹരി മാഫിയകളെ നിയന്ത്രിക്കുന്നതിന് ആവശ്യമായ നിയമങ്ങളും ഇടപെടലുകളും ഉണ്ടാകണം. 18 വയസ്സിന് താഴെയുള്ള കുട്ടികളെ ലഹരി പദാർത്ഥങ്ങൾക്ക് അടിമപ്പെടുത്തുന്നത് വലിയ കുറ്റമായി കണ്ട് അതിന് കാരണക്കാരായവർക്ക് തക്കതായ ശിക്ഷ നൽകുന്നതിന് എക്സൈസ് വകുപ്പും ആരോഗ്യ വകുപ്പും വിദ്യാഭ്യാസ വകുപ്പും ചേർന്ന് നിയമം കൊണ്ടുവരുന്നതിനും മദ്യവർജ്ജന ലഹരി വിമോചന പദ്ധതി നടപ്പാക്കുന്നതിനും അത്തരം പദ്ധതികൾക്ക് ഗവൺമെന്റ് അംഗീകാരം

നൽകുന്നതിനും നടപടി സ്വീകരിക്കണം.

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ): ഗവൺമെന്റ് പുതുതായി ആവിഷ്കരിച്ച 'വിമുക്തി' പദ്ധതി നടപ്പിലാക്കുമ്പോൾ ഇക്കാര്യങ്ങളിലൊക്കെ ആവശ്യമായ നിലപാടുകൾ സ്വീകരിക്കുന്നതാണ്. വിദ്യാർത്ഥികൾക്കിടയിൽ ലഹരി പദാർത്ഥങ്ങളുടെ ഉപയോഗം വർദ്ധിച്ചുവരുന്നതും വിദ്യാർത്ഥികളെ ഇത്തരം പദാർത്ഥങ്ങളുടെ വാഹകരായി ഉപയോഗിക്കുന്നതും തടയുന്നതിന് എക്സൈസ് ഷാഡോ സംവിധാനവും ഇന്റലിജൻസ് വിഭാഗവും ചേർന്ന് രഹസ്യ നിരീക്ഷണം നടത്തുകയും വിവരങ്ങൾ ശേഖരിക്കുകയും ബന്ധപ്പെട്ട വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ ലഹരി വിരുദ്ധ ക്ലബ്ബുകളുടെയും പി.റ്റി.എ.-കളുടെയും സഹകരണത്തോടെ നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. ഇത്തരം നിയമവിരുദ്ധ പ്രവർത്തനങ്ങൾ നടക്കാനിടയുള്ള സ്ഥലങ്ങളിൽ കർശന പരിശോധനകൾ നടത്തി കുറ്റക്കാർക്കെതിരെ ശക്തമായ നിയമ നടപടികൾ സ്വീകരിക്കുന്നുണ്ട്. നിയമവിരുദ്ധമായ ലഹരി പദാർത്ഥങ്ങൾ സ്കൂൾ പരിസരത്തുവച്ച് കണ്ടുകെട്ടിയാൽ അത് വിൽപ്പന നടത്തുന്ന സ്ഥാപനങ്ങൾ തുടർന്ന് പ്രവർത്തിപ്പിക്കാത്ത തരത്തിലുള്ള നിലപാടുകൾ സ്വീകരിക്കാൻ

ഉദ്ദേശിക്കുന്നുണ്ട്. വിദ്യാർത്ഥികൾക്ക് മയക്കുമരുന്നും പുകയില ഉൽപ്പന്നങ്ങളും എത്തിക്കുന്നവർക്കെതിരെ പരമാവധി ശിക്ഷ ലഭിക്കുന്ന രീതിയിൽ പഴുതുകളില്ലാത്ത നടപടികളാണ് സ്വീകരിച്ചുവരുന്നത്. കഞ്ചാവ് അടക്കമുള്ള ലഹരി പദാർത്ഥങ്ങളും പുകയില ഉൽപ്പന്നങ്ങളും വിൽപ്പന നടത്തുന്നവർക്കെതിരെ കേസ്സുകൾ രജിസ്റ്റർ ചെയ്ത് നടപടികൾ സ്വീകരിച്ചുവരികയാണ്. സ്കൂൾ, കോളേജ് വിദ്യാർത്ഥികൾക്ക് ലഹരി വസ്തുക്കളുടെ ദൂഷ്യവശങ്ങളെക്കുറിച്ച് അവബോധം സൃഷ്ടിക്കുന്നതിന് പ്രചാരണം നടത്തുകയും ലഹരിവിരുദ്ധ ആശയങ്ങൾ അടങ്ങിയ ഹ്രസ്വചിത്രങ്ങൾ പ്രദർശനം നടത്തുകയും ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കുകയും ചെയ്യുന്നുണ്ട്. വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പരാതിപ്പെട്ടികൾ സ്ഥാപിച്ച് പരാതികൾ സ്വീകരിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. മദ്യത്തിനും ലഹരിക്കുമെതിരെ ബോധവൽക്കരണം നടത്തുന്നതിന് കേരള സംസ്ഥാന ലഹരി വർജ്ജന മിഷൻ എന്ന പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. മദ്യത്തിന്റെയും ലഹരി പദാർത്ഥങ്ങളുടെയും ഉപയോഗത്തിൽനിന്ന് സമൂഹത്തെ രക്ഷിക്കുന്നതിനുള്ള പരിശ്രമങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

(2) കൊച്ചി മെട്രോ റെയിൽ പദ്ധതി

ശ്രീ. ഹൈബി ഈഡൻ: കേരളത്തിന്റെ വികസന രംഗത്ത് വലിയൊരു കാഴ്ചപ്പാടോടുകൂടിയാണ് കൊച്ചി മെട്രോ തുടങ്ങിയത്. ഇതിന്റെ ആദ്യഘട്ടം ഡിസംബർ മാസത്തിൽ കമ്മീഷൻ ചെയ്യാൻ കഴിയുമെന്ന് അറിയിച്ചിട്ടുണ്ടെങ്കിലും പ്രധാനമായും തീർക്കേണ്ട ജോലികൾ പോലും പൂർത്തീകരിച്ചിട്ടില്ല. രണ്ടാം റീച്ചിന്റെ ഭൂമി ഏറ്റെടുക്കൽ പ്രവൃത്തികളും നിർമ്മാണ പ്രവർത്തനങ്ങളും വേഗത്തിൽ ആരംഭിക്കുന്നതിനും റോഡ് വികസനമടക്കമുള്ള അനുബന്ധ പ്രവർത്തനങ്ങൾ പൂർത്തിയാക്കുന്നതിനും ഭൂമി വിട്ടുനൽകിയ സ്ഥലമുടമകൾക്ക് നികുതി ഇളവ് അനുവദിക്കുന്നതിനും നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): 2017 ഏപ്രിൽ മാസത്തിൽ ആദ്യ റീച്ച് പൂർത്തീകരിക്കുകയെന്ന ലക്ഷ്യത്തോടെയാണ് കൊച്ചി മെട്രോയുടെ നിർമ്മാണ പ്രവൃത്തികൾ പുരോഗമിക്കുന്നത്. കേന്ദ്ര നഗര വികസന മന്ത്രി ഉൾപ്പെടെ പങ്കെടുത്ത അവലോകന യോഗത്തിൽ സാങ്കേതിക വിദഗ്ദ്ധരുടെ സേവനം ആവശ്യാനുസരണം ലഭ്യമാക്കുന്നതിനും സ്റ്റേഷനുകൾ ഉൾപ്പെടെയുള്ള എല്ലാ സിവിൽ നിർമ്മാണ പ്രവർത്തനങ്ങളും 2017 ജനുവരിയോടെ പൂർത്തീകരിക്കുന്നതിനുമുള്ള നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. മഹാരാജാസ് മുതൽ പേട്ട വരെയുള്ള രണ്ടാം റീച്ചിലെ പ്രവൃത്തികളിൽ വീഴ്ച വരുത്തിയ കരാറുകാരുടെ പ്രവൃത്തികൾ ഭാഗികമായി

ഡി.എം.ആർ.സി. മാറ്റി നൽകിയിട്ടുണ്ട്. സ്ഥലമെടുപ്പ് വേഗത്തിലാക്കുന്നതിനും സാധ്യമായ സ്ഥലങ്ങളിൽ മൾട്ടി ലെവൽ പാർക്കിംഗ് ഉൾപ്പെടെ ഏർപ്പെടുത്തുന്നതിനും ശ്രമിക്കുന്നുണ്ട്. ആലുവ മുതൽ മഹാരാജാസ് കോളേജ് വരെയുള്ള റോഡുകളുടെ പുനരുദ്ധാരണ പ്രവൃത്തികളും സംസ്ഥാന സർക്കാർ ഭരണാനുമതി നൽകിയ ഇടപ്പള്ളി മുതൽ ജവഹർലാൽ നെഹ്റു സ്റ്റേഡിയം വരെയുള്ള ഓടകളുടെ നിർമ്മാണപ്രവൃത്തികളും ഉടൻ ആരംഭിക്കുന്നതാണ്. സ്ഥലമുടമകൾക്ക് ആദായ നികുതിയിളവ് അനുവദിക്കണമെന്നത് കേന്ദ്ര സർക്കാരിന്റെ പരിഗണനാവിഷയമാണ്. ഇക്കാര്യം ആവശ്യപ്പെട്ട് കെ.എം.ആർ.എൽ. കേരള ഹൈക്കോടതിയിൽ റിട്ട് ഫയൽ ചെയ്തിട്ടുമുണ്ട്. മുതിർന്ന പൗരന്മാരുടെയും ഭിന്നശേഷിയുള്ളവരുടെയും പ്രത്യേക ആവശ്യങ്ങൾ പരിഗണിച്ചുകൊണ്ട് രൂപകല്പന ചെയ്തിട്ടുള്ള കൊച്ചി മെട്രോ പദ്ധതി യാഥാർത്ഥ്യമാകുമ്പോൾ ഏഷ്യയിലെതന്നെ ഏറ്റവും ആധുനികമായ മെട്രോ സിസ്റ്റങ്ങളിൽ ഒന്നായി തീരും.

## III സബ്മിഷൻ

### (1) ജയിലിലെ മൊബൈൽ ഫോൺ ഉപയോഗം

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: കണ്ണൂർ ജയിലിൽ കഴിയുന്ന കൊലക്കേസ് പ്രതി മുഹമ്മദ് നിസ്സാമിന് മൊബൈൽ ഫോൺ ഉപയോഗിക്കുന്നതിനുവേണ്ട

ഒത്താശ ചെയ്തുകൊടുത്ത ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): കണ്ണൂർ സെൻട്രൽ ജയിലിൽ കഴിയുന്ന ചന്ദ്രബോസ് കൊലക്കേസ് പ്രതി മുഹമ്മദ് നിസ്സാമിനെ ബാംഗ്ലൂർ സെഷൻസ് കോടതിയിൽ ഹാജരാക്കുന്നതിനായി കൊണ്ടുപോയി വരുന്നതിനിടയിൽ സഹോദരങ്ങളെ ഫോണിൽ വിളിച്ച് ഭീഷണിപ്പെടുത്തിയതായുള്ള വാർത്തകളുടെയും സഹോദരങ്ങളുടെ പരാതിയുടെയും അടിസ്ഥാനത്തിൽ അന്വേഷണം നടത്തുകയും യാത്രയ്ക്കിടയിൽ ഫോൺ ഉപയോഗിക്കുന്നതിന് സാഹചര്യമൊരുക്കിയ പോലീസ് ഉദ്യോഗസ്ഥരെ അന്വേഷണ വിധേയമായി സസ്പെന്റ് ചെയ്യുകയും ചെയ്തിട്ടുണ്ട്. ജയിലിന് പുറത്തുവച്ചു നടന്ന സംഭവമായതിനാൽ സുരക്ഷാ പാളിച്ച ഉണ്ടായിട്ടില്ലെന്നും ജയിൽ ഉദ്യോഗസ്ഥർക്ക് വീഴ്ച ഉണ്ടായിട്ടില്ലെന്നും വ്യക്തമായിട്ടുണ്ട്. മാധ്യമ പ്രവർത്തകൻ നിസ്സാമുമായി നേരിട്ട് സംസാരിച്ചതിനെ സംബന്ധിച്ച് അന്വേഷിക്കുന്നതാണ്. വഴിവിട്ട സൗകര്യങ്ങൾ നിസ്സാമിന് അനുവദിക്കുകയില്ല.

(2) ജലജയുടെ കൊലപാതകം

ശ്രീ. കെ. ബി. ഗണേഷ് കുമാർ: ഹരിപ്പാട് സ്വദേശി ജലജയുടെ കൊലപാതകം സംബന്ധിച്ച് ജിഷ കേസ് മാതൃകയിൽ അന്വേഷണം നടത്തുന്നതിന് നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): ആലപ്പുഴ ജില്ലയിൽ കാർത്തികപ്പള്ളി താലൂക്കിൽ ചേപ്പാട് നിവാസിയായിരുന്ന ജലജയെ 13.8.2015-ന് വീട്ടിൽ അതിക്രമിച്ചുകയറി കൊലപ്പെടുത്തിയ സംഭവം സംബന്ധിച്ച് കരിയിലക്കുളങ്ങര പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്ത കേസ് ക്രൈംബ്രാഞ്ച് അന്വേഷിച്ചുവരികയായിരുന്നു. എന്നാൽ അന്വേഷണം ഫലപ്രാപ്തിയിലെത്താത്ത സാഹചര്യത്തിൽ കേസ് സി.ബി.ഐ.-ക്ക് കൈമാറാൻ സർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ചെങ്കിലും കേന്ദ്ര സർക്കാരിൽ നിന്നും അനുകൂലമായ മറുപടി ലഭിക്കാത്തതിനാൽ ക്രൈംബ്രാഞ്ച് അന്വേഷണം കൂടുതൽ കാര്യക്ഷമമാക്കാനുള്ള ഇടപെടൽ സർക്കാർ നടത്തുന്നതാണ്.

(3) സംഗീത ഗ്രാമം

ശ്രീ. കോവൂർ കുഞ്ഞുമോൻ: ആനയടി ഗ്രാമത്തെ സംഗീത ഗ്രാമമായി പ്രഖ്യാപിക്കുന്നതിന് നടപടി സ്വീകരിക്കണം.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ) : ആനയടി ഗ്രാമത്തെ സംഗീത ഗ്രാമമാക്കി മാറ്റുന്നത് സംബന്ധിച്ച പ്രൊപ്പോസൽ ലഭിക്കുന്നമുറയ്ക്ക് കേരള സംഗീത നാടക അക്കാഡമിയുമായി ആലോചിച്ച് അനുകൂല തീരുമാനമെടുക്കുന്നതാണ്.

## (4) തടയണ നിർമ്മാണം

ശ്രീ. യു. ആർ. പ്രദീപ്: ഭാരതപ്പുഴയ്ക്ക് കുറുകെ ചെറുതുരുത്തിയിൽ തടയണ നിർമ്മിക്കുന്നതിന് റിവർ മാനേജ്മെന്റ് ഫണ്ടിൽ നിന്നും തുക അനുവദിക്കുന്നതിന് നടപടി സ്വീകരിക്കണം.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): ചെറുതുരുത്തി വള്ളത്തോൾ നഗർ ഗ്രാമപഞ്ചായത്തിൽ ഭാരതപ്പുഴയ്ക്ക് കുറുകെ ചെക്ക്ഡാം നിർമ്മിക്കുന്നതിനുള്ള 12.20 കോടി രൂപയുടെ റിവൈസ്ഡ് എസ്റ്റിമേറ്റ് ജില്ലാ കളക്ടർ ഭരണാനുമതിക്കായി സമർപ്പിച്ചിരുന്നു. 27.1.2014-ൽ റവന്യൂ വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ ചെറുതുരുത്തി തടയണ നിർമ്മാണം പൂർത്തിയാക്കുന്നതിനാവശ്യമായ തുക റിവർ മാനേജ്മെന്റ് ഫണ്ടിൽ ലഭ്യമല്ലാത്തതിനാൽ പ്രസ്തുത പ്രവൃത്തി ഏറ്റെടുത്ത് പൂർത്തിയാക്കുന്നതിന് ജലവിഭവ വകുപ്പിനോട് അഭ്യർത്ഥിക്കാൻ തീരുമാനിക്കുകയും പ്രസ്തുത വകുപ്പിന് പ്രൊപ്പോസൽ കൈമാറുകയും ചെയ്തു. എന്നാൽ പ്രവൃത്തി പൂർത്തിയാക്കാൻ ഫണ്ട് ലഭ്യമല്ലെന്ന് ജലവിഭവ വകുപ്പ് അറിയിച്ചിട്ടുണ്ട്. തടയണ നിർമ്മാണത്തിന്റെ 30% റിവർ മാനേജ്മെന്റ് ഫണ്ട് ഉപയോഗിച്ച് നടത്തിയിട്ടുള്ളതിനാൽ ശേഷിക്കുന്ന പ്രവൃത്തി കൂടി പ്രസ്തുത ഫണ്ട് ഉപയോഗിച്ച് നടത്തണമെന്നുള്ളതാണ് പൊതുവായ ആവശ്യം. ചെറുതുരുത്തി തടയണ നിർമ്മാണം ജില്ലയിലെ കുടിവെള്ള പ്രശ്നത്തിന്

പരിഹാരമാകുമെന്നുള്ള ജില്ലാ കളക്ടറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ച് സംസ്ഥാന ഉന്നതതല സമിതിയുടെ നിർദ്ദേശങ്ങൾക്കനുസൃതമായി തീരുമാനം കൈക്കൊള്ളുന്നതാണ്.

(5) പാലം നിർമ്മാണം

ശ്രീ. പി. കെ. ബഷീർ : ചാലിയാർ പഞ്ചായത്തിലെ മൊടവണ്ണക്കാട് പാലം നിർമ്മാണത്തിന് റിവർ മാനേജ്മെന്റ് ഫണ്ടിൽ നിന്നും തുക അനുവദിക്കുന്നതിന് നടപടി സ്വീകരിക്കണം.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): 19.11.2015-ലെ സർക്കാർ ഉത്തരവ് പ്രകാരം മലപ്പുറം ജില്ലയിലെ മൊടവണ്ണക്കാട് പാലം ഉൾപ്പെടെ ഒമ്പത് പാലങ്ങൾക്ക് 32 കോടി രൂപ ചെലവിൽ ഭരണാനുമതി നൽകുകയും പ്രസ്തുത പാലങ്ങളുടെ പണി പൂർത്തിയാക്കുന്നതിനായി പത്തനംതിട്ട ജില്ലാ നിർമ്മിതി കേന്ദ്രത്തെ നോഡൽ ഏജൻസിയായി നിയമിക്കുകയും ചെയ്തിരുന്നു. 28.12.2015-ലെ സർക്കാർ ഉത്തരവ് പ്രകാരം മലപ്പുറം, കൊല്ലം, തൃശ്ശൂർ, എറണാകുളം ജില്ലകളിലെ റിവർ മാനേജ്മെന്റ് ഫണ്ടിൽ നിന്നും മേൽത്തുക പത്തനംതിട്ട ജില്ലാ റിവർ മാനേജ്മെന്റ് ഫണ്ടിലേയ്ക്ക് മാറ്റാനും പ്രസ്തുത തുക ഉപയോഗിച്ച് പാലങ്ങളുടെ പണി പൂർത്തിയാക്കാനും തീരുമാനിച്ചിരുന്നു. പാലം നിർമ്മിക്കേണ്ട ഭൂമി വനം വകുപ്പിന്റെ അധീനതയിലായതിനാൽ ആ വകുപ്പിന്റെ

അനുമതി ലഭിക്കുന്നതിനുള്ള ശ്രമം നടത്തിവരികയാണ്. ഇതുസംബന്ധിച്ച് മലപ്പുറം ജില്ലാ കളക്ടറോട് റിപ്പോർട്ട് ആവശ്യപ്പെടാനും റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് പദ്ധതി നടപ്പാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കാനും തീരുമാനിച്ചിട്ടുണ്ട്.

(6) <u>റീ സർവ്വേ</u>

<u>ശ്രീ. അനിൽ അക്കര</u>: വടക്കാഞ്ചേരി മണ്ഡലത്തിൽ റീ സർവ്വേ മൂലമുണ്ടായിട്ടുള്ള പ്രശ്നങ്ങൾ പരിഹരിച്ച് ഭൂനികുതി അടയ്ക്കുന്നതിനുള്ള സംവിധാനമൊരുക്കുന്നതിന് നടപടി സ്വീകരിക്കണം.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (<u>ശ്രീ. ഇ. ചന്ദ്രശേഖരൻ</u>): റീ സർവ്വേ പ്രവർത്തനങ്ങൾ പുനരാരംഭിക്കാനുള്ള നടപടി സ്വീകരിച്ചുവരികയാണ്. സർവ്വേ അതിരടയാളങ്ങളിലേയും ചട്ടങ്ങളിലേയും വ്യവസ്ഥകൾ പ്രകാരം വില്ലേജ് റിക്കോർഡുകളിൽ പേര് ചേർത്തിട്ടുള്ള കക്ഷികളെ ഉൾപ്പെടുത്തിയാണ് റീ സർവ്വേ ബി.റ്റി.ആർ. തയ്യാറാക്കുന്നത്. പട്ടയവും നിയമാനുസൃതമായി അവകാശ രേഖകളും ലഭിച്ചിട്ടുള്ള കക്ഷികൾക്ക് രേഖകൾ ഹാജരാക്കി റീ സർവ്വേ റിക്കോർഡുകളിൽ പേര് ചേർക്കാവുന്നതാണ്. ബന്ധപ്പെട്ട രേഖകൾ ലഭ്യമല്ലാത്ത സാഹചര്യത്തിൽ വില്ലേജ് റിക്കോർഡുകളിലെ രേഖപ്പെടുത്തൽ ഉൾപ്പെടുത്തി നിയമാനുസൃതമായി റീ സർവ്വേ റിക്കോർഡുകൾ തയ്യാറാക്കും. പ്രസ്തുത നടപടികൾ പൂർത്തിയാകാത്ത എല്ലാ വില്ലേജുകളിലും നിലവിലുള്ള മുൻ സർവ്വേ നമ്പരിൽ കരമൊടുക്കുന്നതിനുള്ള

നടപടി സ്വീകരിക്കാനും ഭൂമിയുടെ അവകാശം സംബന്ധിച്ച് സംശയമുള്ള കേസ്സുകളിൽ ബന്ധപ്പെട്ട രേഖകളുടെ അടിസ്ഥാനത്തിൽ ഭൂമി പരിശോധന നടത്തി ഭൂനികുതി സ്വീകരിക്കാനും എല്ലാ വില്ലേജ് ഓഫീസർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. പഞ്ചായത്തുകളുടെ കൈവശമുണ്ടായിരുന്ന കന്നുകാലി മേച്ചിൽ സ്ഥലങ്ങൾ നിയമാനുസൃതം പട്ടയം നൽകിയതിനുശേഷം വില്ലേജ് റിക്കോർഡുകളിൽ മാറ്റം വരുത്തുന്നമുറയ്ക്ക് കൈവശക്കാരന് ഭൂനികുതി ഒടുക്കാവുന്നതാണ്.

## (7) ശാരീരിക പീഡകൾ

ശ്രീ. കെ. രാജൻ: അപകടങ്ങളും രോഗങ്ങളും കാരണം സ്ഥിരമായി ശാരീരിക പീഡകൾ അനുഭവിക്കുന്നവരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും അംഗപരിമിതരായ ആളുകൾക്ക് പെൻഷൻ ലഭിക്കുന്നതിനുള്ള വരുമാന പരിധിയിൽ ഇളവ് വരുത്തുന്നതിനും നടപടി സ്വീകരിക്കണം.

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): അംഗപരിമിതർക്ക് തുല്യനീതിയും അവസരങ്ങളും ഉറപ്പാക്കുന്നതിനും അവരുടെ ക്ഷേമപ്രവർത്തനങ്ങൾക്കുമായി വികലാംഗ കമ്മീഷണറേറ്റും വികലാംഗ കോർപ്പറേഷനും പ്രവർത്തിച്ചുവരുന്നു. സർക്കാർ നിയമനങ്ങളിൽ വികലാംഗർക്ക് 3 ശതമാനം സംവരണം ഏർപ്പെടുത്തിയിട്ടുള്ളതിനുപുറമെ എംപ്ലോയ്മെന്റ്

എക്സ്ചേഞ്ചുകൾ മുഖേന താൽക്കാലികമായി ജോലി ചെയ്തുവരുന്ന വികലാംഗരെ സ്ഥിരപ്പെടുത്തുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. ഗവൺമെന്റ് കെട്ടിടങ്ങൾ ബാരിയർ ഫ്രീ ആക്കി മാറ്റാൻ തീരുമാനിച്ചതിന്റെ ഭാഗമായി കണ്ണൂർ ജില്ല പൂർണ്ണമായും ബാരിയർ ഫ്രീ ആയി പ്രഖ്യാപിക്കുകയും കളക്ടേറ്റിൽ അംഗപരിമിതർക്കുമാത്രം ഉപയോഗിക്കാൻ കഴിയുന്ന തരത്തിൽ ലിഫ്റ്റും റാമ്പും ഏർപ്പെടുത്തുകയും ചെയ്തു. ഈ ഗവൺമെന്റിന്റെ കാലാവധി പൂർത്തിയാകുന്നതിനുമുമ്പ് സംസ്ഥാനത്തെ പൂർണ്ണമായും ബാരിയർ ഫ്രീ ആക്കി മാറ്റുന്നതിനുള്ള തീരുമാനമെടുത്തിട്ടുണ്ട്. അംഗപരിമിതരായ വിദ്യാർത്ഥികൾക്ക് തൊഴിൽ പരിശീലനം നൽകുന്ന കേന്ദ്രങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും കാഴ്ച വൈകല്യമുള്ള അംഗപരിമിതർക്ക് കമ്പ്യൂട്ടർ പരിശീലനം നൽകുന്നതിനുമുള്ള പദ്ധതി കൂടുതൽ സ്ഥലങ്ങളിലേയ്ക്ക് വ്യാപിപ്പിക്കുന്നതിനും നടപടി സ്വീകരിക്കുന്നതാണ്. അംഗപരിമിതരുടെ ആരോഗ്യ പരിപാലനത്തിനായി കോർപ്പസ് ഫണ്ടിൽനിന്നും ചികിത്സാ സഹായമായി 5000 രൂപയും കാഴ്ചവൈകല്യമുള്ള അമ്മമാരുടെ രണ്ട് വയസ്സുവരെയുള്ള കുഞ്ഞുങ്ങളുടെ സംരക്ഷണത്തിനായി 2000 രൂപ വീതവും ധനസഹായം നൽകുന്നുണ്ട്. കിടപ്പുരോഗികളെയും ബുദ്ധിമാന്ദ്യം സംഭവിച്ചവരേയും ശുശ്രൂഷിക്കുന്നവർക്ക് 525 രൂപ വീതം ധനസഹായം നൽകുന്ന 'ആശ്വാസ കിരണം പദ്ധതി'

പുനഃസ്ഥാപിച്ചിട്ടുണ്ട്. ഭിന്നശേഷി വിഭാഗത്തിൽ രജിസ്റ്റർ ചെയ്തിട്ടുള്ള മുഴുവൻ പേർക്കും Unique ID കാർഡ് നൽകുന്നതിനും ഈ വിഭാഗത്തിൽപ്പെട്ടവർക്ക് സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി ഏർപ്പെടുത്താനും തീരുമാനിച്ചിട്ടുണ്ട്. അംഗപരിമിതർക്ക് മെഡിക്കൽ സർട്ടിഫിക്കറ്റ് നൽകുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. കൂടാതെ അവർക്ക് ലൈസൻസ് നൽകുന്നതിലെ തടസ്സങ്ങൾ പരിഹരിക്കുന്നതും പെൻഷൻ ലഭിക്കുന്നതിനുള്ള അടിസ്ഥാന വരുമാന പരിധിയിൽ ഇളവ് വരുത്തുന്നതും സംബന്ധിച്ച് പരിശോധിച്ച് നിയമാനുസൃത നടപടി സ്വീകരിക്കുന്നതാണ്.

## (8) ആശുപത്രി വികസന പ്രവർത്തനങ്ങൾ

ശ്രീ. കെ. ആൻസലൻ: നെയ്യാറ്റിൻകര ജനറൽ ആശുപത്രിയിൽ മതിയായ ഡോക്ടർമാരെയും പാരാമെഡിക്കൽ സ്റ്റാഫിനെയും നിയമിക്കുന്നതിന് നടപടി സ്വീകരിക്കണം.

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): നെയ്യാറ്റിൻകര ജില്ലാ ആശുപത്രിയെ 2013-ൽ ജനറൽ ആശുപത്രിയായി ഉയർത്തിയെങ്കിലും അതിനനുസരിച്ച തസ്തികകൾ സൃഷ്ടിച്ചിരുന്നില്ല. സംസ്ഥാനത്തെ ആരോഗ്യ സ്ഥാപനങ്ങളിൽ സ്റ്റാൻഡേർഡൈസേഷൻ അനുസരിച്ചുള്ള തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസൽ സമർപ്പിക്കാൻ ആരോഗ്യ വകുപ്പ് ഡയറക്ടറോട്

ആവശ്യപ്പെട്ടിട്ടുണ്ട്. പ്രസ്തുത പ്രൊപ്പോസലിൽ നെയ്യാറ്റിൻകര ജനറൽ ആശുപത്രിയേയും ഉൾപ്പെടുത്തുന്നതാണ്. ആശുപത്രിയുടെ പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

(9) റോഡ് പുനരുദ്ധാരണം

ശ്രീ. എൻ. ഷംസുദ്ദീൻ: അന്തർസംസ്ഥാന പാതയായ മണ്ണാർക്കാട്-ചിന്നത്തടാകം റോഡ് പുനരുദ്ധരിക്കുന്നതിനുള്ള നടപടി സ്വീകരിക്കണം.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): 52.69 കി.മീ. ദൂരമുള്ള മണ്ണാർക്കാട്-ചിന്നത്തടാകം റോഡിന്റെ 22 കി.മീ. ദൂരം പുനരുദ്ധരിക്കുന്നതിനായി 2.43 കോടി രൂപ അനുവദിക്കുകയും ഡിസംബർ മാസത്തോടെ പ്രവൃത്തി ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. പണം ലഭ്യമാകുന്ന മുറയ്ക്ക് റോഡിന്റെ ബാക്കിഭാഗത്തെ പുനരുദ്ധാരണം നടത്തുന്നതാണ്.

(10) ബ്ലാവനക്കടവ് പാലം നിർമ്മാണം

ശ്രീ. ആന്റണി ജോൺ: കുട്ടമ്പുഴ പഞ്ചായത്തിലെ ബ്ലാവനക്കടവിൽ പാലം നിർമ്മിച്ച് ജനങ്ങളുടെ യാത്രാദുരിതത്തിന് പരിഹാരം കാണുന്നതിനുള്ള നടപടി സ്വീകരിക്കണം.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ):

ബ്ലാവനക്കടവ് പാലത്തിന്റെ അപ്രോച്ച് റോഡ് നിർമ്മാണത്തിന് വനം വകുപ്പിന്റെ അനുമതി ലഭിക്കുന്നതിന് പാലത്തിന്റെ പ്രധാന ഉപഭോക്താക്കളായ ആദിവാസി വിഭാഗത്തിന്റെ ഗ്രാമസഭാ തീരുമാനത്തിന്റെ പകർപ്പ് ആവശ്യമായതിനാൽ അത് ലഭ്യമാകുന്ന മുറയ്ക്ക് വനം വകുപ്പിന് അപേക്ഷ സമർപ്പിച്ച് പാലം നിർമ്മിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

## IV ധനകാര്യം

2016-2017 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിലേക്കുള്ള ഉപധനാഭ്യർത്ഥനകളുടെ സ്റ്റേറ്റ്മെന്റുകൾ മേശപ്പുറത്തുവച്ചു.

## V തടസ്സവാദം

ഗവർണറുടെ മുൻകൂർ അനുമതി സംബന്ധിച്ച്

ശ്രീ. കെ. എം. മാണി: വാണിജ്യ വകുപ്പിൽ നിന്നുള്ള നോട്ടീസുകൾ, ഉത്തരവുകൾ എന്നിവ വ്യാപാരികൾക്ക് ഇ-മെയിലായി അയയ്ക്കുന്നതിനൊപ്പം എസ്.എം.എസ്. സന്ദേശമായും നൽകുന്നതിന് നിയമഭേദഗതി വരുത്തുമെന്ന് ബഡ്ജറ്റ് പ്രസംഗത്തിൽ പറഞ്ഞിട്ടുണ്ട്. പുതിയ ചെലവുകളൊന്നുമില്ലെന്നാണ് ധനകാര്യ മെമ്മോറാണ്ടത്തിൽ പറയുന്നതെങ്കിലും എസ്.എം.എസ്.-നുള്ള ചെലവ് സഞ്ചിത നിധിയിൽ നിന്ന് വഹിക്കേണ്ടതായിവരും. ഇതിന് ആർട്ടിക്കിൾ 207(3) പ്രകാരമുള്ള ഗവർണറുടെ അനുമതി ആവശ്യമാണ്.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സിഡാക്കിൽ നിലവിലുള്ള സൗകര്യം പ്രയോജനപ്പെടുത്തിയാണ് വ്യാപാരികൾക്ക് എസ്.എം.എസ്. അയയ്ക്കാൻ ഉദ്ദേശിക്കുന്നത്. ഈ ഇനത്തിൽ ഗവൺമെന്റിന്റെ സഞ്ചിത നിധിയിൽ നിന്ന് പണം ചെലവാകുകയില്ല. അതിനാൽ തടസ്സവാദം നിലനിൽക്കുന്നതല്ല.

മി. സ്പീക്കർ: ധനകാര്യവും കയറും വകുപ്പുമന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ തടസ്സവാദം നിലനിൽക്കുന്നതല്ല.

## VI നിയമനിർമ്മാണം

2016-ലെ കേരള ധനകാര്യ ബിൽ സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയം

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): 2016-ലെ കേരള ധനകാര്യ ബിൽ മരാമത്തും ഗതാഗതവും വാർത്താവിനിമയവും സംബന്ധിച്ച V-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയും ആഭ്യന്തര കാര്യങ്ങൾ സംബന്ധിച്ച XIV-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയും ചേർന്ന് സംയുക്തമായി പരിഗണിക്കുന്നതിന് സാമ്പത്തിക കാര്യങ്ങൾ സംബന്ധിച്ച VIII-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി): പ്രമേയത്തെ പിന്താങ്ങുന്നു.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): അടുത്ത സാമ്പത്തിക വർഷം മുതൽ ജി.എസ്.ടി. നിലവിൽ വരുന്നതിനാൽ നികുതി ഘടനയിൽ മാറ്റംവരുത്താൻ സംസ്ഥാന ഗവൺമെന്റുകൾക്ക് തുച്ഛമായ അധികാരമേ ഉണ്ടാകുകയുള്ളൂ. സംസ്ഥാനം അഭിമുഖീകരിക്കുന്ന ഗുരുതരമായ സാമ്പത്തിക പ്രതിസന്ധി നേരിടുന്നതിനായി പരമാവധി അധിക വിഭവ സമാഹരണത്തിന് സർക്കാർ പരിശ്രമിക്കുകയാണ്. ഈ സാമ്പത്തിക വർഷം വരുമാനത്തിൽ 19% വളർച്ച പ്രതീക്ഷിച്ചെങ്കിലും 14% വളർച്ചയാണ് കണക്കാക്കുന്നത്. കുടുംബാംഗങ്ങൾ തമ്മിലുള്ള ഭാഗാധാരങ്ങളുടെ നികുതി ഒരു ശതമാനമാക്കുന്നതിന് ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ട്.

ശ്രീ. വി. അബ്ദുറഹിമാൻ: 2016-ലെ കേരള ധനകാര്യ ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 31-10-2016 വരെ സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. കെ. സി. ജോസഫ്: 2016-ലെ കേരള ധനകാര്യ ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. വി. എസ്. അച്ചുതാനന്ദൻ: ധനകാര്യ ബില്ലിനെ അനുകൂലിക്കുന്നു. ജനക്ഷേമകരമായ നടപടികളുമായാണ് ഈ സർക്കാർ മുന്നോട്ടുപോകുന്നത്. വികസന പ്രതിസന്ധിയിൽ നിന്ന് കരകയറുന്നതിനുള്ള പാതകൾ

ചൂണ്ടിക്കാണിക്കുകയും സഹകരണ മേഖലയിലെ ധനസമാഹരണം സംസ്ഥാനത്തിന്റെ വികസന താത്പര്യങ്ങൾക്ക് ഇണങ്ങുന്ന രീതിയിൽ പുന:സംഘടിപ്പിക്കാനുള്ള നിർദ്ദേശവും സാമൂഹ്യപുരോഗതിയുടെ നേട്ടങ്ങൾ ദളിത് ആദിവാസി സമൂഹത്തിൽ എത്തിക്കാനുള്ള ശിപാർശയും ധനകാര്യ ബിൽ ജനപക്ഷത്താണെന്ന് തെളിയിക്കുന്നു. നിർമ്മാണ പ്രവർത്തനങ്ങൾക്ക് പ്രത്യക്ഷമായോ പരോക്ഷമായോ ഈ സർക്കാർ ചുങ്കം പിരിക്കില്ലെന്നുള്ളത് ഉറപ്പാണ്. കാർഷിക-പരമ്പരാഗത തൊഴിൽ മേഖലയിൽ ഊന്നൽ നൽകുകയും സംസ്ഥാനത്തിന്റെ ഉല്പാദന മണ്ഡലങ്ങൾക്ക് പ്രാമുഖ്യം കൊടുത്തുകൊണ്ടുള്ള വികസനവുമാണ് ബഡ്ജറ്റിലുള്ളത്.

<u>ശ്രീ. വി. ഡി. സതീശൻ</u>: ധനകാര്യ ബില്ലിനെ എതിർക്കുന്നു. ജനങ്ങളെ ബാധിക്കുന്നതും അശാസ്ത്രീയവുമായ നികുതി നിർദ്ദേശങ്ങളാണ് ബഡ്ജറ്റിലുള്ളത്. അരി, ഗോതമ്പ്, പഞ്ചസാര, വെളിച്ചെണ്ണ തുടങ്ങിയ സാധനങ്ങൾക്ക് പുതുതായി ഏർപ്പെടുത്തിയിരിക്കുന്ന നികുതിയും ഭാഗപത്രം, ഒഴിമുറി, ദാനം, ധനനിശ്ചയം എന്നിവയ്ക്ക് ഏർപ്പെടുത്തിയിരിക്കുന്ന സ്റ്റാമ്പ് ഡ്യൂട്ടി വർദ്ധനവും വിലയാധാരങ്ങളുടെ മുദ്രവില നിരക്കിൽ വരുത്തിയ വർദ്ധനവും പിൻവലിക്കണം. സാധാരണക്കാർക്ക് താങ്ങാൻപറ്റാത്ത വിധത്തിൽ ഏർപ്പെടുത്തിയിരിക്കുന്ന സ്റ്റാമ്പ് ഡ്യൂട്ടികൾ ശാസ്ത്രീയമായി പരിഷ്കരിക്കണം. സാധാരണക്കാർക്ക് വാങ്ങാൻ പറ്റുന്ന

തരത്തിലുള്ള സ്റ്റാന്റേർഡ് ഫ്ലാറ്റുകൾ നിർമ്മിച്ച് നൽകുന്നതിനും ആംനസ്റ്റി സ്കീം പ്രകാരം ചെറുകിട കച്ചവടക്കാർക്കുണ്ടായിട്ടുള്ള ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനും ഒൺടൈം സെറ്റിൽമെന്റിലൂടെ പലിശ ഒഴിവാക്കി നികുതി കുടിശ്ശിക പിരിച്ചെടുക്കുന്നതിനും നടപടി സ്വീകരിക്കണം.

<u>ശ്രീമതി ഇ. എസ്. ബിജിമോൾ</u> : ധനകാര്യ ബില്ലിനെ അനുകൂലിക്കുന്നു. ഈ ബിൽ പാസ്സാകുന്നതോടുകൂടി എട്ട് നിയമങ്ങൾ ഭേദഗതി ചെയ്യപ്പെടും. ലക്ഷക്കണക്കിന് രൂപ മുടക്കി വീടുകൾ നിർമ്മിച്ച് ആർഭാട ജീവിതം നയിക്കുന്നവരുടെ കാര്യത്തിൽ ഒരു ഇടപെടൽ നടത്താൻ സർക്കാർ സന്നദ്ധമാകണം. ഹരിത നികുതിയുമായി ബന്ധപ്പെട്ട് വന്നിട്ടുള്ള പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനും പശ്ചിമഘട്ട സംരക്ഷണത്തിനും സംസ്ഥാനത്തിനർഹമായ കേന്ദ്ര ഫണ്ടുകൾ നേടിയെടുക്കുന്നതിനും ഇടുക്കി ജില്ലയിലെ ഭൂപ്രശ്നങ്ങൾ പരിഹരിക്കുന്നതിനും നിലം നികത്തലുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കണം. ഇൻഫ്രാസ്ട്രക്ചർ മേഖലയിലെ ഇൻവെസ്റ്റ്മെന്റിനെ സംബന്ധിച്ച് എല്ലാവർക്കും വളരെ പ്രതീക്ഷയാണുള്ളത്. കേന്ദ്രാവിഷ്കൃത പദ്ധതികളുടെ ഗുണങ്ങൾ നേടിയെടുക്കാൻ പലപ്പോഴും കഴിയാത്ത

സാഹചര്യമാണുള്ളത്. കൃത്യമായ ഇടപെടലുകൾ നടത്താത്തതുകൊണ്ടാണ് PMKSY പ്രോജക്ടുമായി ബന്ധപ്പെട്ട് കേന്ദ്രഗവൺമെന്റിന്റെ ഫണ്ട് ലഭ്യമാക്കാൻ സാധിക്കാത്തത്. ജി.എസ്.ടി. നടപ്പാക്കുമ്പോൾ ആഡംബര വസ്തുക്കൾക്ക് വിലകുറയുമെന്നും അവശ്യ വസ്തുക്കളുടെ വില കൂടുമെന്നുമുള്ള ജനങ്ങളുടെ ആശങ്കകൾ ദൂരീകരിക്കണം. സംസ്ഥാനത്തിന്റെ അധികാരവും അവകാശവും സംരക്ഷിക്കുന്ന രീതിയിലായിരിക്കണം ഇത് നടപ്പാക്കേണ്ടത്. സേവനാവകാശ നിയമവുമായി ബന്ധപ്പെട്ട് സംസ്ഥാനത്താകമാനം ക്യാമ്പയിൻ സംഘടിപ്പിക്കണം. മൂന്ന് ലക്ഷത്തിലധികം തൊഴിലാളികൾ പണിയെടുക്കുന്ന തോട്ടം മേഖലയിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും തൊഴിലാളികളെ സംരക്ഷിക്കുന്നതിനും നടപടി സ്വീകരിക്കണം. റൂൾ 64 പ്രകാരം പട്ടയം കിട്ടിയിട്ടുള്ളതും നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയാക്കിയിട്ടുള്ളതുമായ കെട്ടിടങ്ങളുടെ കാര്യത്തിൽ നയപരമായ പ്രഖ്യാപനമുണ്ടാകണം.

<u>ശ്രീ. റ്റി. എ. അഹമ്മദ് കബീർ</u> : ധനകാര്യ ബില്ലിനെ എതിർക്കുന്നു.

ജി.എസ്.ടി-യുടെ കാര്യം യഥാസമയം സഭയിൽ ചർച്ച ചെയ്യാതിരുന്നത് ഗുരുതരമായ വീഴ്ചയാണ്. റിവൈസ്ഡ് ബഡ്ജറ്റ് എന്ന നിലയിൽ ഇത്രയും വലിയ നികുതി ഭാരം ആദ്യവർഷംതന്നെ ഏർപ്പെടുത്താൻ തീരുമാനിച്ചത് ശരിയല്ല. ആധാരങ്ങളുടെ സ്റ്റാമ്പ് ഡ്യൂട്ടിയും രജിസ്ട്രേഷൻ ഫീസും വർദ്ധിപ്പിക്കാനാവില്ല. ഇഷ്ടദാനം, കുടുംബാംഗങ്ങളുടെ ഭാഗപത്രം, ഒഴിമുറി എന്നിവയിൽ നിലവിലുള്ള സമ്പ്രദായംതന്നെ തുടരണം. ഫ്ലാറ്റുകളുടേയും അപ്പാർട്ടുമെന്റുകളുടേയും രജിസ്ട്രേഷന് കേന്ദ്ര പി.ഡബ്ല്യു.ഡി. വാല്വേഷൻ സർട്ടിഫിക്കറ്റ് ആവശ്യമുണ്ടോയെന്ന കാര്യം പരിശോധിക്കണം. മോട്ടോർ വെഹിക്കിൾ ടാക്സേഷൻ ആക്ടിൽ ആറാമത്തെ ക്ലോസിലെ വിശദീകരണം ദുരുപയോഗപ്പെടുത്താൻ സാധ്യതയുള്ളതിനാൽ ഡ്രൈവറുടെ ക്യാബിനടക്കമുള്ള സ്ഥലം കണക്കിലെടുത്ത് നിരക്ക് നിശ്ചയിക്കണം. സാമ്പത്തിക രംഗത്തെ വികസന പ്രക്രിയയ്ക്ക് ഫണ്ട് കണ്ടെത്താൻ ശ്രമിക്കുന്നത് യാഥാർത്ഥ്യ ബോധത്തോടുകൂടിയായിരിക്കണം. ജി.എസ്.ടി.-യുടെ കാര്യത്തിൽ സംസ്ഥാനത്തിന്റെ താല്പര്യങ്ങൾ സംരക്ഷിക്കുന്നതിനുതകുന്ന ശ്രമമുണ്ടാകണം.

ഇത് പ്രാബല്യത്തിൽ വരുമ്പോൾ ഭക്ഷ്യവസ്തുക്കൾക്ക് വില കൂടുകയും ആഡംബരവസ്തുക്കൾക്ക് വില കുറയുകയും ചെയ്യുന്ന സാഹചര്യം ഒഴിവാക്കണം. റവന്യൂ ലോസ് നികത്താൻ നാല് സ്ലാബ് കൂടാതെ സെസ് പിരിക്കാൻ സംസ്ഥാനം തയ്യാറാകണമെന്ന് പറയുന്നതിനോട് യോജിക്കാനാവില്ല. പ്രത്യക്ഷ-പരോക്ഷ നികുതികളുടെ പരിധി പുതുക്കിനിശ്ചയിക്കുന്നതിനും സർക്കാർ ഭൂമിയിന്മേലുള്ള പാട്ടനിരക്കും ഖനനത്തിന്മേലുള്ള റോയൽറ്റിയും വർദ്ധിപ്പിക്കുന്നതിനും നടപടി സ്വീകരിക്കണം. പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്നുള്ള വരുമാനം വർദ്ധിപ്പിക്കുന്നതിന് പ്രൊഫഷണൽ മാനേജ്മെന്റുകളെ ചുമതലപ്പെടുത്തണം. ബില്ലിൽ പറഞ്ഞിട്ടുള്ള നികുതി നിർദ്ദേശങ്ങൾ പിൻവലിക്കണം. സബ്ജക്ട് കമ്മിറ്റിയിൽ ഉയർന്നുവന്ന അഭിപ്രായങ്ങൾ കണക്കിലെടുത്ത് പഴയ ധനകാര്യ ബില്ലുകളിൽ വന്നിട്ടുള്ള പിഴവുകൾ പരിഹരിക്കുന്നതിനായി പ്രസ്തുത ബിൽ വിശദമായ പരിശോധനയ്ക്ക് വിധേയമാക്കണം.

<u>ശ്രീ. കെ. ദാസൻ</u>: ബില്ലിനെ അനുകൂലിക്കുന്നു. ധന ഉത്തരവാദിത്ത നിയമത്തിന്റെ പരിമിതികൾ മറികടന്ന് നാടിന്റെ വികസനം സാധ്യമാക്കുകയെന്ന ലക്ഷ്യത്തോടെയാണ് ഈ ഗവൺമെന്റ് മുന്നോട്ടുപോകുന്നത്. സാമൂഹ്യ സുരക്ഷാ

പദ്ധതികൾ വെട്ടിക്കുറയ്ക്കാതെ കേരളത്തിന്റെ ധനസ്ഥിതി മെച്ചപ്പെടുത്തുകയാണ് കഴിഞ്ഞ എൽ.ഡി.എഫ്. ഗവൺമെന്റ് ചെയ്തിട്ടുള്ളത്. ദീർഘവീക്ഷണമില്ലാതെയുള്ള യു.ഡി.എഫ്. ഗവൺമെന്റിന്റെ പ്രവർത്തനഫലമായി കേരളത്തിന്റെ ധന സ്ഥിതിയിൽ ഗണ്യമായ കുറവുണ്ടായി. ഈ സർക്കാരിന് സമസ്ത മേഖലകളിലും പുതിയ പദ്ധതികൾ കൊണ്ടുവരാൻ സാധിച്ചിട്ടുണ്ട്. കഴിഞ്ഞ സർക്കാർ വിദ്യാഭ്യാസ രംഗം തകർക്കുകയും നികുതി പിരിവിൽ ഗുരുതര വീഴ്ചവരുത്തുകയും ചെയ്തു. അഴിമതിയും കെടുകാര്യസ്ഥതയും നിറഞ്ഞതായിരുന്നു കഴിഞ്ഞ യു.ഡി.എഫ്. സർക്കാരിന്റെ ഭരണം.

<u>ശ്രീ. സണ്ണി ജോസഫ്</u>: ധനകാര്യ ബില്ലിനെ എതിർക്കുന്നു. കഴിഞ്ഞ ഗവൺമെന്റ് ചെയ്ത നല്ല കാര്യങ്ങളെ അംഗീകരിക്കാൻ ഈ സർക്കാർ തയ്യാറാകുന്നില്ല. വികസന കാര്യങ്ങളിൽ പ്രതിപക്ഷ എം.എൽ.എ.-മാരെ അവഗണിച്ചുകൊണ്ടുള്ള നിലപാടാണ് ഗവൺമെന്റ് സ്വീകരിക്കുന്നത്.

<u>ശ്രീമതി പി. അയിഷാ പോറ്റി</u>: ധനകാര്യ ബില്ലിനെ അനുകൂലിക്കുന്നു. നല്ല രീതിയിലുള്ള ധനകാര്യ മാനേജ്മെന്റും വകുപ്പുകളുടെ മെച്ചപ്പെട്ട പ്രവർത്തനവുമാണ് ഈ ഗവൺമെന്റിനെ നയിക്കുന്ന പ്രധാന ഘടകങ്ങൾ. ജനകീയാസൂത്രണ പദ്ധതിയുടെ ആസൂത്രകരായ ഇടതുപക്ഷ ജനാധിപത്യ മുന്നണി അഴിമതി വിരുദ്ധ നിലപാടുകളാണ് സ്വീകരിച്ചുപോരുന്നത്. മുൻ ഗവൺമെന്റ് പൂർത്തീകരിക്കാത്ത പല

പദ്ധതികളും ഈ ഗവൺമെന്റിന് പൂർത്തിയാക്കാൻ സാധിച്ചിട്ടുണ്ട്. തണ്ണീർത്തട നെൽവയൽ സംരക്ഷണ നിയമം അട്ടിമറിച്ചും ക്ഷേമ പെൻഷനുകൾ കുടിശ്ശിക വരുത്തിയും നികുതി പിരിവിൽ വീഴ്ച വരുത്തിയും ജനങ്ങളുടെമേൽ അധികഭാരം അടിച്ചേൽപ്പിക്കുകയായിരുന്നു കഴിഞ്ഞ സർക്കാർ ചെയ്തിരുന്നത്. കഴിഞ്ഞ അഞ്ചുവർഷം അഴിമതിയുടെയും ആരോപണങ്ങളുടെയും വിവാദങ്ങളുടെയും കാലമായിരുന്നു. ചിട്ടയായ ധനകാര്യ മാനേജ്മെന്റിലൂടെ എല്ലാ വകുപ്പുകൾക്കും ആവശ്യമായ തുക നൽകിക്കൊണ്ടും ധനസമാഹരണം നടത്തിക്കൊണ്ടുമാണ് ഈ ഗവൺമെന്റ് മുന്നോട്ടുപോകുന്നത്.

<u>ശ്രീ. സി. കെ. നാണു</u>: ധനകാര്യ ബില്ലിനെ അനുകൂലിക്കുന്നു. സാമ്പത്തിക പ്രതിസന്ധിയെ അതിജീവിച്ചുകൊണ്ട് രാഷ്ട്രീയഭേദമെന്യേ എല്ലാ മണ്ഡലങ്ങളിലും വികസന പ്രവർത്തനങ്ങൾക്ക് ആവശ്യമായ തുക അനുവദിക്കുന്നതിനുള്ള നടപടികളാണ് സർക്കാർ സ്വീകരിക്കുന്നത്. അടിസ്ഥാനപരമായ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

<u>ശ്രീ. വി. കെ. സി. മമ്മത് കോയ</u>: ധനകാര്യ ബില്ലിനെ അനുകൂലിക്കുന്നു. നികുതിയിനത്തിൽ ലഭിക്കേണ്ട പണം പിരിച്ചെടുക്കുന്നതിനും

നികുതിദായകർക്കെതിരെ ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നുണ്ടാകുന്ന അന്യായ നടപടികൾ അവസാനിപ്പിക്കുന്നതിനും തയ്യാറാകണം. ചെക്ക്പോസ്റ്റുകൾ അഴിമതിരഹിതവും കാര്യക്ഷമവുമാക്കി നികുതി വരുമാനം വർദ്ധിപ്പിക്കണം. ചെക്ക്പോസ്റ്റുകളിൽ സ്ഥാപിച്ചിട്ടുള്ള പ്രവർത്തനരഹിതമായ ക്യാമറകളും വേ-ബ്രിഡ്ജുകളും പുനഃസ്ഥാപിക്കാനും ചെക്ക്പോസ്റ്റുകളെ സോഷ്യൽ ഓഡിറ്റിംഗിന് വിധേയമാക്കാനും നടപടി സ്വീകരിക്കണം. കേരളത്തിന്റെ അടിസ്ഥാന സൗകര്യ വികസനത്തിന് കിഫ്ബി വഴി 50,000 കോടി രൂപ സമാഹരിക്കാനുള്ള നടപടി സ്വാഗതാർഹമാണ്. ടൂറിസം മേഖലയിൽ സമഗ്ര വികസനം സാധ്യമാകുന്ന പദ്ധതികൾക്ക് രൂപം നൽകണം. സ്ക്രാപ്പ് ബാറ്ററികളുടെ നികുതി നിരക്ക് അഞ്ച് ശതമാനമായി കുറച്ചതും മുനിസിപ്പൽ പ്ലാസ്റ്റിക് വേസ്റ്റിനുമേലുള്ള അഞ്ച് ശതമാനം നികുതി എടുത്തുകളഞ്ഞതും കോമ്പൗണ്ട് ചെയ്യുന്ന സ്വർണ്ണ വ്യാപാരികൾ പുതിയ ബ്രാഞ്ചുകൾ ആരംഭിക്കുമ്പോൾ അവയ്ക്കും മറ്റുള്ള കടകളുടെ ശരാശരി നികുതി നൽകേണ്ട സമ്പ്രദായം ഭേദഗതി വരുത്തിയ നടപടിയും സ്വാഗതാർഹമാണ്. കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ കോമ്പൗണ്ട് ചെയ്ത് പണമടച്ച സ്വർണ്ണ വ്യാപാരികളും കരാർ പ്രവൃത്തി ചെയ്തവരും പർച്ചേസ് നികുതി അടയ്ക്കണമെന്ന

വ്യവസ്ഥയ്ക്ക് പരിഹാരമുണ്ടാക്കണം. നികുതി നിയമ പാലനത്തിൽ കൃത്യത പാലിക്കുന്ന ഡീലർമാർക്ക് അക്രഡിറ്റേഷൻ ഗ്രീൻ കാർഡ് ലഭ്യമാക്കുന്ന നടപടി സ്വാഗതാർഹമാണ്. കെട്ടിക്കിടക്കുന്ന അപ്പീൽ കേസ്സുകൾ തീർപ്പാക്കാനുള്ള നടപടി സ്വീകരിക്കണം. എം.ആർ.പി. രേഖപ്പെടുത്തി പായ്ക്കറ്റിൽ വിൽക്കുന്ന ഗോതമ്പ് ഉൽപ്പന്നങ്ങൾക്ക് ഏർപ്പെടുത്തിയ നികുതി എത്ര കിലോവരെയാണെന്നത് സംബന്ധിച്ച് വ്യക്തത വരുത്തണം.

ശ്രീ. കെ. എം. മാണി: സാധാരണക്കാരെ ബുദ്ധിമുട്ടിക്കാത്ത തരത്തിൽ നികുതി നിയമങ്ങൾ നടപ്പിലാക്കാൻ ശ്രമിക്കണം. നികുതി വരുമാനത്തിൽ 50 ശതമാനത്തോളം ചോർച്ചയുണ്ടായിട്ടുണ്ടെന്ന വാദത്തിന്റെ കാരണം വ്യക്തമാക്കണം. കുടുംബ വസ്തുക്കൾ, കുടുംബാംഗങ്ങൾ തമ്മിൽ ഭാഗം വയ്ക്കുമ്പോൾ വസ്തുവിന്റെ മാർക്കറ്റ് വാല്യുവിന്റെ മൂന്നുശതമാനമാക്കി രജിസ്ട്രേഷൻ ഫീസ് വർദ്ധിപ്പിച്ച നടപടിയും സിവിൽ കോടതികളിലെ ഒറിജിനൽ കേസ്സുകളുടെ ഫീസ് ഒരു ശതമാനത്തിൽനിന്ന് അഞ്ച് ശതമാനമായി വർദ്ധിപ്പിക്കാനുള്ള നടപടിയും പുന:പരിശോധിക്കണം. കാരുണ്യ പദ്ധതി കാര്യക്ഷമമായ രീതിയിൽ മുന്നോട്ടുകൊണ്ടുപോകണം. റബ്ബർ-നാളികേര-നെൽ കർഷകർക്ക് ആവശ്യമായ സംരക്ഷണം നൽകുകയും ന്യായവില ലഭിക്കാതെ വരുന്ന സന്ദർഭങ്ങളിൽ

വിപണിയിൽ ആവശ്യമായ ഇടപെടൽ നടത്തുകയും വേണം.

ശ്രീ. സി. കെ. ഹരീന്ദ്രൻ: ധനകാര്യ ബില്ലിനെ അനുകൂലിക്കുന്നു. ഇടതുപക്ഷം ഭരിക്കുന്ന സംസ്ഥാനങ്ങളിൽ മാത്രമാണ് ദേശീയ തൊഴിലുറപ്പ് പദ്ധതി മാതൃകാപരമായി നടപ്പാക്കുന്നത്. പ്രസ്തുത പദ്ധതിയനുസരിച്ചുള്ള തൊഴിൽ ദിനങ്ങളുടെ എണ്ണവും കൂലിയും വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കണം. നിക്ഷേപകർക്ക് സുരക്ഷിതത്വം ഉറപ്പാക്കാനും അദ്ധ്വാനിക്കുന്നവരുടെ അവകാശങ്ങൾ സംരക്ഷിക്കാനുതകുന്ന വികസന നയം സംസ്ഥാനത്ത് നടപ്പാക്കാനും തയ്യാറാകണം. ഐ.ടി. രംഗത്തെ കയറ്റുമതി വരുമാനം വർദ്ധിപ്പിക്കണം. വിദ്യാഭ്യാസം, വിവര സാങ്കേതികവിദ്യ, വിനോദസഞ്ചാരം തുടങ്ങിയ മേഖലകളുടെ അടിസ്ഥാന സൗകര്യവികസനത്തിന് ഊന്നൽ നൽകി ദീർഘവീക്ഷണത്തോടെയുള്ള പ്രവർത്തനങ്ങൾ നടപ്പാക്കണം. പാരിസ്ഥിതിക സന്തുലിതാവസ്ഥ നിലനിർത്തിക്കൊണ്ടുള്ള വികസന പദ്ധതികൾ നടപ്പാക്കാനും കൃഷിയും പരമ്പരാഗത വ്യവസായങ്ങളും അവഗണിക്കപ്പെടാതിരിക്കാനും ജാഗ്രത പുലർത്തണം.

ശ്രീ. പി. കെ. ബഷീർ : ധനകാര്യ ബില്ലിനെ എതിർക്കുന്നു. മതന്യൂനപക്ഷങ്ങളെ സഹായിക്കുന്ന നിലപാടാണ് ഐക്യജനാധിപത്യ മുന്നണി സ്വീകരിച്ചിട്ടുള്ളത്. നികുതി വെട്ടിപ്പ് കണ്ടെത്തിയ മൊബൈൽ ഫോൺ

കമ്പനികൾക്ക് കുടിശ്ശിക ഒഴിവാക്കി നൽകിയ നടപടി പരിശോധിക്കപ്പെടണം. ആംനസ്റ്റി സ്കീം വഴി എത്ര തുക സംസ്ഥാനത്തിന് ലഭിക്കുമെന്നും എത്ര പേർക്ക് അതിന്റെ ആനുകൂല്യം കിട്ടിയെന്നും വിശദമാക്കണം. വെളിച്ചെണ്ണയ്ക്ക് ഏർപ്പെടുത്തിയ നികുതി പിൻവലിക്കണം. ചരക്കുസേവന നികുതിവഴി സംസ്ഥാനത്തിനുണ്ടാകുന്ന നഷ്ടം സെസ്സ് വഴി നികത്തണമെന്ന കേന്ദ്ര നിലപാടിനെക്കുറിച്ച് വ്യക്തമാക്കണം. കുടുംബാംഗങ്ങൾ തമ്മിലുള്ള വസ്തുകൈമാറ്റത്തിന് അനുവദിച്ചിരുന്ന ഇളവ് പുനഃസ്ഥാപിക്കണം.

<u>ശ്രീ. എം. എം. മണി</u>: ധനകാര്യബില്ലിനെ അനുകൂലിക്കുന്നു. കഴിഞ്ഞ യു.ഡി.എഫ്. സർക്കാരിന്റെ തെറ്റായ നയങ്ങളാണ് സംസ്ഥാനത്തെ സാമ്പത്തികബാധ്യതയിലേയ്ക്ക് നയിച്ചത്. വികസനരംഗത്ത് മികച്ച മുന്നേറ്റത്തിനാണ് ഈ സർക്കാർ ശ്രമിക്കുന്നത്. മുൻ സർക്കാർ കുടിശ്ശിക വരുത്തിയ സാമൂഹ്യക്ഷേമ പെൻഷനുകൾ കുടിശ്ശിക തീർത്ത് വർദ്ധിപ്പിച്ച് നൽകിയ നടപടി അഭിനന്ദനാർഹമാണ്. ന്യായമായ നികുതി നിർദ്ദേശങ്ങളാണ് ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. കുടുംബാംഗങ്ങൾ തമ്മിലുള്ള ഭാഗ ഉടമ്പടിയുമായി ബന്ധപ്പെട്ട സ്റ്റാമ്പ് ഡ്യൂട്ടി വർദ്ധന പുനഃപരിശോധിക്കണം. തോട്ടം മേഖലയെ സംരക്ഷിക്കുന്നതിനും പട്ടയവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും നടപടി സ്വീകരിക്കണം. നിർമ്മാണ പ്രവർത്തനങ്ങൾക്ക് സ്റ്റോപ്പ് മെമ്മോ

നൽകിയിരിക്കുന്ന കാര്യങ്ങൾ പരിശോധിച്ച് ഉചിതമായ തീരുമാനമെടുക്കണം.

ശ്രീ. കെ. മുരളീധരൻ: ധനകാര്യ ബില്ലിനെ എതിർക്കുന്നു. 'കിഫ്ബി' യിലൂടെയല്ലാതെ ധനസമാഹരണത്തിന് ഫലപ്രദമായ ബദൽ മാർഗ്ഗങ്ങൾകൂടി കണ്ടെത്തി വികസന പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തണം. കേരളത്തിൽ നടന്ന രാഷ്ട്രീയ കൊലപാതകങ്ങളിലെ കുറ്റക്കാരെ നിയമത്തിനുമുന്നിൽ കൊണ്ടുവരുന്നതിനും സംസ്ഥാനത്തെ ക്രമസമാധാനനില ഭദ്രമാക്കുന്നതിനുമുള്ള ശ്രമങ്ങൾ നടത്തണം. മാനേജ്മെന്റുകൾക്ക് കൊള്ള നടത്തുന്നതിന് ഭരണകക്ഷി കൂട്ടുനിന്നതുൾപ്പെടെയുള്ള കാര്യങ്ങൾ പുറത്തുകൊണ്ടുവരാൻ കഴിഞ്ഞു എന്നുള്ളതാണ് സ്വാശ്രയ സമരത്തിന്റെ നേട്ടം.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): വർദ്ധിപ്പിച്ച ക്ഷേമ പെൻഷനുകൾ നൽകുന്നതിനും സമ്പൂർണ്ണ പാർപ്പിട പദ്ധതിയും സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയും നടപ്പിലാക്കുന്നതിനും പണം തടസ്സമല്ല. കയർ മേഖലയുടെ വികസനത്തിനായി 300 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. തീരദേശ-മലയോര ഹൈവേയും തുറമുഖ പദ്ധതികളും കിഫ്ബി-ലൂടെ നടപ്പാക്കാനാണുദ്ദേശിക്കുന്നത്. ഭാഗാധാരത്തിനും ഇഷ്ടദാനാധാരത്തിനും ഏർപ്പെടുത്തിയ നികുതി വർദ്ധന പിൻവലിക്കുന്ന കാര്യം

സംബന്ധിച്ച് സബ്ജക്ട് കമ്മിറ്റിയിൽ ചർച്ച ചെയ്യാവുന്നതാണ്. മാനദണ്ഡങ്ങൾ അടിസ്ഥാനമാക്കി ഫ്ലാറ്റുകളുടെമേൽ ചുമത്തിയ നികുതി സംബന്ധിച്ച് യോജിച്ച നിലപാട് സ്വീകരിക്കാവുന്നതാണ്. മോട്ടോർ വെഹിക്കിൾ നികുതിയിൽ ക്രമാതീതമായ വർദ്ധന വന്നിട്ടുണ്ടെങ്കിൽ അക്കാര്യം പരിഹരിക്കുന്നതാണ്. 60 ലക്ഷത്തിനുതാഴെ ടേണോവറുള്ള വ്യാപാരികളിൽനിന്നും ഈടാക്കുന്ന അനുമാന നികുതിയിലെ ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിന് ആംനസ്റ്റി പ്രോഗ്രാം ആരംഭിച്ചിട്ടുണ്ട്. സ്വർണ്ണ വ്യാപാരികൾക്കേർപ്പെടുത്തിയ പർച്ചേസ് ടാക്സ് മുൻകാല പ്രാബല്യത്തോടെ ഇളവുചെയ്യുന്ന കാര്യം ഉഭയകക്ഷി ധാരണയുടെ അടിസ്ഥാനത്തിൽ തീരുമാനിക്കുന്നതാണ്. ബീഡി വ്യവസായത്തിന് ഏർപ്പെടുത്തിയ അധിക നികുതിത്തുക ബീഡിത്തൊഴിലാളികളുടെ ക്ഷേമത്തിന് ഉപയോഗിക്കുന്നതാണ്. മൊബൈൽ ചാർജ്ജറിന് നികുതിയിനത്തിൽ നൽകിയ ഇളവ് പുനഃപരിശോധിക്കുന്നതാണ്. ജി.എസ്.ടി.-യുമായി ബന്ധപ്പെട്ട വിഷയങ്ങൾ ചർച്ച ചെയ്യുന്നതിന് സർവ്വകക്ഷിയോഗം ചേരാവുന്നതാണ്. ക്ഷേമനിധിയുടെ പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തി കാലതാമസം ഒഴിവാക്കുന്നതാണ്. കോർട്ട് ഫീ സംബന്ധിച്ച വിഷയങ്ങൾ സബ്ജക്ട് കമ്മിറ്റിയിൽ ചർച്ച ചെയ്യാം.

ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ നിരാകരിക്കുകയോ ചെയ്തു.

2016-ലെ കേരള ധനകാര്യ ബിൽ മരാമത്തും ഗതാഗതവും വാർത്താവിനിമയവും സംബന്ധിച്ച V-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയും ആഭ്യന്തര കാര്യങ്ങൾ സംബന്ധിച്ച XIV-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയും ചേർന്ന് സംയുക്തമായി പരിഗണിക്കുന്നതിന് സാമ്പത്തിക കാര്യങ്ങൾ സംബന്ധിച്ച VIII-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം സഭ അംഗീകരിക്കുകയും ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കുകയും ചെയ്തു.

## VII ചട്ടം 205 ബി പ്രകാരമുള്ള ചർച്ച

<u>ഭരണ നവീകരണ പരിപാടി സംബന്ധിച്ച എസ്റ്റിമേറ്റ്സ് കമ്മിറ്റിയുടെ</u>

<u>പതിനാറാമത് റിപ്പോർട്ട്</u>

<u>ശ്രീ. കെ. സി. ജോസഫ്</u>: 31.03.2010-ൽ ഉൾക്കൊള്ളിച്ച 205 ബി എന്ന ചട്ട പ്രകാരം നിയമസഭാ സമിതി റിപ്പോർട്ടുകൾ ആഴ്ചയിൽ ഒരു മണിക്കൂർ സമയം സഭയിൽ ചർച്ച ചെയ്യാൻ വ്യവസ്ഥയുണ്ടെങ്കിലും സമിതികൾ വിശദമായ പഠനങ്ങൾ നടത്തി സമർപ്പിക്കുന്ന റിപ്പോർട്ടുകൾ പരിഗണിക്കപ്പെടാതെ പോകുന്ന അവസരത്തിൽ ആദ്യമായാണ് ഒരു റിപ്പോർട്ട് ചർച്ച ചെയ്യുന്നത്. ഏതാണ്ട് 15 വകുപ്പുകളിൽ വരുത്തേണ്ട കാതലായ മാറ്റങ്ങളെ സംബന്ധിച്ച സമിതിയുടെ 27 ശിപാർശകളാണ് എസ്റ്റിമേറ്റ്സ് കമ്മിറ്റിയുടെ പതിനാറാമത് റിപ്പോർട്ടിൽ സമർപ്പിച്ചിട്ടുള്ളത്. ചട്ടത്തിലെ വ്യവസ്ഥയനുസരിച്ച് പ്രസ്തുത കമ്മിറ്റിയുടെ ആക്ഷൻ

ടേക്കൺ റിപ്പോർട്ടുകൂടി സമർപ്പിക്കുന്നതിന് നിർദ്ദേശം നൽകണം. എ.ഡി.ബി.യുടെ സഹായത്തോടെ 2002-ൽ ആരംഭിച്ച ഭരണ നവീകരണ പരിപാടിക്ക് എ.ഡി.ബി, നെതർലാന്റ്സ്, കേന്ദ്ര സർക്കാർ എന്നിവിടങ്ങളിൽനിന്നും ലഭിച്ച 250 ദശലക്ഷം ഡോളറിൽ 536 കോടി രൂപ മാത്രമാണ് ഭരണ നവീകരണത്തിനുവേണ്ടി മാറ്റിവച്ചത്. 756 കോടി രൂപ ഊർജ്ജ വകുപ്പിനും 12 കോടി രൂപ അഴീക്കൽ പോർട്ടിനും നൽകി. 2008-ൽ ഭരണ നവീകരണ പരിപാടി അവസാനിച്ചപ്പോഴും അതിൽ കാതലായ മാറ്റങ്ങൾ വരുത്താൻ സാധിച്ചില്ല. ഇ.എം.എസ് നമ്പൂതിരിപ്പാട് ചെയർമാനായ ആദ്യ ഭരണപരിഷ്കാര കമ്മീഷൻ 1958-ൽ സമർപ്പിച്ച റിപ്പോർട്ടിലും ഗവൺമെന്റുമായി ബന്ധപ്പെട്ട എല്ലാ കാര്യങ്ങളിലും കേരളം പിന്തുടരേണ്ട ശിപാർശകളുണ്ടായിരുന്നെങ്കിലും പല കാര്യങ്ങളും നടപ്പാക്കാൻ കഴിഞ്ഞിട്ടില്ല. ശാസ്ത്ര സാങ്കേതിക മേഖലയിലെ മാറ്റങ്ങൾക്കനുസരിച്ച് ഭരണ നവീകരണത്തിൽ കാലാനുസൃതമായ മാറ്റങ്ങൾ വരുത്തുന്നതിനുള്ള വേദിയായി പുതിയ ഭരണപരിഷ്കാര കമ്മീഷൻ മാറണം.

<u>ശ്രീമതി യു. പ്രതിഭ ഹരി</u>: നിയമസഭാ സമിതിയുടെ റിപ്പോർട്ടിന്മേൽ ചർച്ച അനുവദിച്ചത് വളരെ പ്രതീക്ഷ നൽകുന്നു. സഭയുടെ പ്രവർത്തനം കൂടുതൽ ഊർജ്ജിതപ്പെടുത്തുന്നതിന് ഇതുപോലുള്ള ചർച്ചകൾ സഹായകരമാകും. ആഴ്ചയിൽ അഞ്ചു ദിവസം മന്ത്രിമാർ സെക്രട്ടേറിയറ്റിൽ ഉണ്ടാകണമെന്ന മുഖ്യമന്ത്രിയുടെ

നിർദ്ദേശം ഭരണ നവീകരണത്തിന്റെ ഭാഗമാണ്. ഭരണത്തിൽ വരുന്നവർ കേവലം പദ്ധതി പ്രവർത്തനം മാത്രമല്ല ആശയ പ്രചരണംകൂടി നടത്തണമെന്നത് നല്ല കാര്യമാണ്. സംസ്ഥാനം നേരിടുന്ന എല്ലാ പ്രശ്നങ്ങൾക്കും സമയബന്ധിതമായി പരിഹാരം കാണണം. മുൻ സർക്കാർ കോടിക്കണക്കിന് രൂപ വിവിധ പ്രവർത്തനങ്ങൾക്ക് ചെലവഴിച്ചിട്ടുണ്ടെങ്കിലും അടിസ്ഥാനപരമായ പ്രശ്നങ്ങൾക്കൊന്നും പരിഹാരം കാണാൻ സാധിച്ചിട്ടില്ല. കക്ഷി രാഷ്ട്രീയത്തിനതീതമായി ഒരു നവീനകേരളം സൃഷ്ടിക്കാനുള്ള പരിശ്രമം സർക്കാരിന്റെ ഭാഗത്തുനിന്നും ഉണ്ടാകണം.

<u>ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ</u> : ഭരണ നവീകരണ റിപ്പോർട്ടിന്മേൽ ചർച്ച നടത്തുന്നതിന് സന്നദ്ധത കാണിച്ച ബഹുമാനപ്പെട്ട സ്പീക്കറെയും സർക്കാരിനെയും അഭിനന്ദിക്കുന്നു. ഈ റിപ്പോർട്ടിനെ മുൻ സർക്കാരിന്റെ ഒരു സാക്ഷ്യപത്രമായി വിലയിരുത്താനാകും. എ.ഡി.ബി. വായ്പയായ 1300 കോടി രൂപകൊണ്ട് നടത്തിയ ഭരണ നവീകരണ പരിപാടിയിലെ ക്രമക്കേടുകളെപ്പറ്റി നിയമസഭാ സമിതിയുടെ റിപ്പോർട്ട് ചർച്ച ചെയ്തത് ചരിത്രസംഭവമായി. ഇടതുപക്ഷകക്ഷികളുടെ ആശങ്കകൾ ശരിവയ്ക്കുന്ന ഒരു റിപ്പോർട്ടാണ് ഇത്. ഭീമമായ തുക ചെലവഴിച്ച് ഭരണ നവീകരണം നടത്തിയെന്ന് അവകാശപ്പെടുന്നുണ്ടെങ്കിലും ഏതെല്ലാം പ്രവൃത്തികൾക്ക് തുക വിനിയോഗിച്ചെന്നോ സാധാരണക്കാർക്ക് ലഭ്യമാക്കിയ

സൗജന്യങ്ങളെക്കുറിച്ചോ പരാമർശിക്കുന്നില്ല. സേവന പദ്ധതികൾ ഏറ്റെടുത്ത് നടത്തുന്ന ഓഫീസുകളിൽ കമ്പ്യൂട്ടർവൽക്കരണം പൂർത്തിയാക്കുന്നതിന് പണം ചെലവഴിച്ചിട്ടുണ്ടെങ്കിലും ഇപ്പോഴും ആ ഓഫീസുകളുടെ സ്ഥിതി പരിതാപകരമാണ്. മഴവെള്ള സംഭരണി സ്ഥാപിച്ചത് സംബന്ധിച്ച് റിപ്പോർട്ടിൽ നേട്ടമായി ചൂണ്ടിക്കാണിച്ചിട്ടുണ്ടെങ്കിലും അതിലെ നടത്തിപ്പിനെയോ ഗുണഫലങ്ങളെയോ സംബന്ധിച്ച് വ്യക്തത വരുത്തിയിട്ടില്ല. വിവിധ പദ്ധതികൾക്ക് തുക ഫലപ്രദമായി വിനിയോഗിക്കാത്തത് മുൻ സർക്കാരിന്റെ ഇച്ഛാശക്തി ഇല്ലായ്മയെയാണ് സൂചിപ്പിക്കുന്നത്.

<u>ശ്രീ. സി. എഫ്. തോമസ്</u> : ഭരണ നവീകരണ റിപ്പോർട്ട് സഭയിൽ ചർച്ച ചെയ്യാൻ തയ്യാറായ സ്പീക്കറെ അനുമോദിക്കുന്നു. സമിതി റിപ്പോർട്ടുകൾ നടപ്പിലാക്കാനുള്ള ഉത്തരവാദിത്വം വരും സർക്കാരുകൾക്കാണ്. ഈ റിപ്പോർട്ടിന്റെ സ്പിരിറ്റ് ഉൾക്കൊണ്ട് വരൾച്ചയെ നേരിടുന്നതിനും കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനും വകുപ്പുതലത്തിലും മുഖ്യമന്ത്രിതലത്തിലും എടുത്ത തീരുമാനങ്ങൾ സമയബന്ധിതമായി നടപ്പാക്കണം.

<u>ശ്രീ. കെ. കൃഷ്ണൻ കുട്ടി</u> : ഭരണ നവീകരണ പരിപാടിയുമായി ബന്ധപ്പെട്ട് ലഭിച്ച വായ്പ, ഗ്രാന്റ് എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ ആവർത്തിച്ചാവശ്യപ്പെട്ടിട്ടും ബന്ധപ്പെട്ട വകുപ്പിൽനിന്നും ലഭ്യമാക്കാത്തത്

ഗൗരവമായി കാണണം. നിയമസഭാ സമിതികളുടെ പ്രാധാന്യം മനസ്സിലാക്കി അതിനെ ഗൗരവമായി കാണുന്ന സമീപനം ഉദ്യോഗസ്ഥ തലത്തിൽ ഉണ്ടാക്കിയെടുക്കുന്നതിനും സമയബന്ധിതമായി റിപ്പോർട്ടുകൾ ലഭ്യമാക്കുന്നതിനും അവ കൃത്യമായി പരിശോധിക്കുന്നതിനും നടപടികൾ സ്വീകരിക്കണം.

ശ്രീ. എം. ഉമ്മർ : എസ്റ്റിമേറ്റ്സ് കമ്മിറ്റിയുടെ ഭരണ നവീകരണ റിപ്പോർട്ട് സംബന്ധിച്ച് ചർച്ച ചെയ്യാൻ സന്നദ്ധനായ സ്പീക്കറെ അഭിനന്ദിക്കുന്നു. നിയമസഭാ കമ്മിറ്റികളെ നിയമസഭയുടെ തന്നെ ഒരു പരിച്ഛേദമായി കണ്ടുകൊണ്ടാണ് കക്ഷിരാഷ്ട്രീയത്തിനതീതമായി ഫലപ്രദമായ ചർച്ചകൾ നടത്തി റിപ്പോർട്ടുകൾ തയ്യാറാക്കുന്നത്. സീറോ അവർ കഴിഞ്ഞ് ഇത്തരം വിഷയങ്ങൾ ചർച്ചയ്ക്ക് എടുക്കുന്നതായിരിക്കും ഉചിതം. പത്തൊമ്പത് വകുപ്പുകളിലായി നൂറ് പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടെങ്കിലും പൂർത്തീകരിച്ച പദ്ധതികളിൽ നിന്നുമുള്ള പ്രയോജനം സാധാരണക്കാർക്ക് ലഭിച്ചിട്ടുണ്ടോയെന്ന് വിലയിരുത്തണം. ധനകാര്യ വകുപ്പിന്റെ കണക്കുകൾ പ്രകാരം എം.ജി.പി.-ക്ക് 536 കോടി രൂപയും ഊർജ്ജ വകുപ്പിന് 756.46 കോടി രൂപയും അഴീക്കൽ തുറമുഖത്തിന് 12.08 കോടി രൂപയും ചെലവഴിച്ചിട്ടുണ്ടെങ്കിലും കണക്കുകൾ സംബന്ധിച്ച് വ്യക്തത വരാത്തത് സർക്കാർ ഗൗരവമായി വീക്ഷിക്കണം. ഇത്തരം വിഷയങ്ങളെപ്പറ്റിയുള്ള വിവിധ സമിതികളുടെ റിപ്പോർട്ടുകൾക്ക് തുടർനടപടികൾ സ്വീകരിക്കുന്നതിനും

കുറ്റക്കാർക്കെതിരെ നടപടിയെടുക്കുന്നതിനും തയ്യാറാകണം. മറ്റ് കമ്മിറ്റികളുടെയും ഫലപ്രദമായ പ്രവർത്തനങ്ങൾക്ക് ഈ ചർച്ച സഹായകമാകുമെന്ന് പ്രതീക്ഷിക്കുന്നു.

<u>ശ്രീ. റ്റി. വി. രാജേഷ്</u> : നിയമസഭാ കമ്മിറ്റികളുടെ റിപ്പോർട്ട് സഭയിൽ ചർച്ച ചെയ്യാൻ അവസരമൊരുക്കിയതിലൂടെ കേരളം രാജ്യത്തിനുതന്നെ മാതൃകയായിരിക്കുകയാണ്. ഭരണ നവീകരണത്തിനു വേണ്ടിയാണ് എം.ജി.പി. ആരംഭിച്ചതെങ്കിലും ഇതൊരു പരാജയമായിരുന്നുവെന്ന് 13-ാം കേരള നിയമസഭയുടെ എസ്റ്റിമേറ്റ്സ് കമ്മിറ്റിയുടെ റിപ്പോർട്ടിലൂടെ മനസ്സിലാക്കാൻ സാധിക്കും. ഭരണ നവീകരണ പരിപാടിയുമായി ബന്ധപ്പെട്ട് ലഭിച്ച വായ്പയുടെയും ചെലവഴിച്ച തുകയുടെയും വിശദാംശങ്ങൾ ലഭ്യമാക്കാത്തത് ഗുരുതരമായ വീഴ്ചയാണ്. എം.ജി.പി.യുമായി ബന്ധപ്പെട്ട് രൂപീകരിച്ച പദ്ധതികളുടെ അവലോകനം റിയാബിനെക്കൊണ്ട് പരിശോധിപ്പിച്ചത് ശരിയായ നടപടിയല്ല. കേരളത്തിലെ ജനങ്ങളിൽ സ്വാധീനം ചെലുത്താൻ എ.ഡി.ബി.യുടെ എം.ജി.പി. എന്ന പദ്ധതിക്ക് സാധിച്ചിട്ടില്ല. ഉദ്യോഗസ്ഥ കേന്ദ്രീകൃതമായ ഭരണത്തെ ഉടച്ചുവാർത്ത് ജനപക്ഷത്തുനിന്നുകൊണ്ട് പൗരകേന്ദ്രീകൃതമായ പരിഷ്കാരത്തെക്കുറിച്ച്

ആലോചിക്കണം. ഭരണപരിഷ്കാര കമ്മീഷന് നേതൃത്വം നൽകാൻ ശ്രീ. വി. എസ്. അച്ചുതാനന്ദനെ തെരഞ്ഞെടുത്തത് സ്വാഗതാർഹമാണ്. യു.ഡി.എഫ്. സർക്കാർ ഫയലുകൾ തീർപ്പുകല്പിക്കുന്നതിൽ പരാജയപ്പെടുകയാണുണ്ടായത്. എന്നാൽ എൽ.ഡി.എഫ്. സർക്കാർ ഫയലുകൾ അതിവേഗം തീർപ്പുകല്പിക്കുന്നതിന് നടപടി സ്വീകരിച്ച് മുന്നോട്ട് പോയിക്കൊണ്ടിരിക്കുകയാണ്. കേരളത്തിന്റെ വികസനത്തിന് തടസ്സമായി നിൽക്കുന്ന ലാന്റ് അക്വിസിഷനുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ കളക്ടർമാരുടെ യോഗം വിളിക്കുകയും വേണ്ട നിർദ്ദേശങ്ങൾ നൽകുകയും ചെയ്തു. 60 ശതമാനം സ്ഥലം ഏറ്റെടുത്താൽ ഹൈവേയുടെ പ്രവൃത്തി ആരംഭിക്കാമെന്ന് കേന്ദ്രഗവൺമെന്റ് സമ്മതിച്ചിട്ടുണ്ട്. കണ്ണൂർ എയർപോർട്ടിനുവേണ്ടി ഭൂമി ഏറ്റെടുത്തതുപോലെ നാഷണൽ ഹൈവേയ്ക്കുവേണ്ടിയും സ്ഥലം ഏറ്റെടുക്കാവുന്നതാണ്.

<u>ശ്രീ. വി. ഡി. സതീശൻ</u>: ഭരണ നവീകരണ പരിപാടിയെ സംബന്ധിച്ച് സഭയിൽ ചർച്ച ചെയ്യാൻ അവസരമൊരുക്കിയ എല്ലാവരേയും അഭിനന്ദിക്കുന്നു. നിയമസഭാ കമ്മിറ്റികൾ സാധാരണ ചർച്ച ചെയ്യുന്നത് വർഷങ്ങൾക്കുമുമ്പുള്ള റിപ്പോർട്ടുകളാണ്. ഏഷ്യൻ ഡെവലപ്മെന്റ് ബാങ്കിൽനിന്ന് സഹായമായി 250

മില്യൻ ഡോളർ ലഭിച്ചതിൽ എം.ജി.പി.ക്കുവേണ്ടി 536 കോടി രൂപ മാത്രമാണ് ചെലവാക്കിയത്. ഊർജ്ജ വകുപ്പിനും അഴീക്കൽ തുറമുഖത്തിനും വേണ്ടി കോടിക്കണക്കിന് രൂപ ചെവഴിച്ചിട്ടുണ്ട്. ഭരണപരമായ സുതാര്യത ഉറപ്പുവരുത്തുകയും കാലതാമസമില്ലാതെ തീരുമാനങ്ങളെടുക്കുകയുമാണ് ഭരണ നവീകരണംകൊണ്ട് ലക്ഷ്യമിടുന്നത്. ഭരണ നവീകരണ പരിപാടിയുമായി ബന്ധപ്പെട്ട ഫയലുകളൊന്നും സെക്രട്ടേറിയറ്റിൽ ലഭ്യമല്ല. പദ്ധതിയുമായി ബന്ധപ്പെട്ട മുഴുവൻ ഫയലുകളും ഡിജിറ്റൈസ് ചെയ്യുന്നതിനായി ഐ.ടി. വകുപ്പിന് കൈമാറിയിട്ടുള്ളതിനാൽ പ്രസ്തുത വായ്പയുടെ വിനിയോഗം സംബന്ധിച്ചുള്ള വിശദാംശങ്ങൾ ലഭ്യമല്ലെന്ന മറുപടിയാണ് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ നൽകുന്നത്. ഫയലുകൾ നഷ്ടമായതു സംബന്ധിച്ച് അന്വേഷിക്കണം. പ്രശ്നസങ്കീർണ്ണമല്ലാത്ത ഫയലുകൾ അണ്ടർ സെക്രട്ടറി തലത്തിൽ നോക്കിവന്നാൽ ഫയൽ നടപടികൾ വേഗത്തിലാക്കാൻ സാധിക്കും. അഴിമതി നടക്കുന്നതിനാലാണ് പല പ്രോജക്ടുകളും എസ്റ്റിമേറ്റ് തുകയെക്കാൾ അധികമാകുന്നത്. കാലങ്ങളായി തുടർന്നുവരുന്ന ഈ രീതിയ്ക്ക് ഒരു മാറ്റമുണ്ടാക്കാൻ ഇത്തരം ചർച്ചകൾ സഹായിക്കും.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): ഇത്തരമൊരു ചർച്ചയ്ക്ക് അവസരം നൽകിയ സ്പീക്കർക്ക് നന്ദി രേഖപ്പെടുത്തുന്നു. ജനങ്ങൾക്ക് മെച്ചപ്പെട്ട സേവനങ്ങൾ ലഭ്യമാക്കുകയെന്ന ലക്ഷ്യത്തോടെയാണ് എം.ജി.പി. രൂപീകരിച്ചത്. വിദേശ വായ്പ അടിസ്ഥാനപ്പെടുത്തി സർക്കാർ വകുപ്പുകളിൽ ഘടനാപരമായ പരിഷ്കാരങ്ങൾ വരുത്തുന്നതിനും ഭരണ സംവിധാനത്തെ ജനകീയവും വികസനോന്മുഖവുമാക്കിത്തീർക്കുന്നതിനും ഏഷ്യൻ വികസന ബാങ്കുമായി ചർച്ച നടത്തിയാണ് എം.ജി.പി. രൂപീകരിച്ചത്. 2002-ൽ സംസ്ഥാന ഗവൺമെന്റ് എ.ഡി.ബി. മുഖേന വായ്പയെടുത്തത് സംസ്ഥാന താൽപ്പര്യങ്ങളെ ദോഷകരമായി ബാധിക്കുമെന്ന ആശങ്ക നിലനിന്നതിനാലാണ് ഈ നയം നടപ്പിലാക്കുന്നതിനെതിരായി സർക്കാർ ജീവനക്കാർ പ്രക്ഷോഭരംഗത്തേയ്ക്ക് വന്നതും പണിമുടക്കാനിടയായതും. പ്രസ്തുത പദ്ധതിയുടെ ഭാഗമായി നിരവധി വ്യവസ്ഥകൾ നടപ്പാക്കണമെന്ന് എ.ഡി.ബി. സർക്കാരിൽ സമ്മർദ്ദം ചെലുത്തിയതിന്റെ ഫലമായി ദിവസക്കൂലി കരാർ നിയമനങ്ങൾ വ്യാപകമാകുകയും ഔട്ട് സോഴ്സിംഗും പെൻഷൻ സ്വകാര്യവത്കരണവും യാഥാർത്ഥ്യമാകുകയും ചെയ്തു. എന്നാൽ സംസ്ഥാനത്ത് ഉയർന്നുവന്ന ശക്തമായ എതിർപ്പിനെത്തുടർന്ന് 2006-ൽ അധികാരത്തിൽ വന്ന എൽ.ഡി.എഫ്. സർക്കാർ ഈ നയങ്ങൾക്കെതിരായ ബദൽ സംവിധാനം രൂപീകരിച്ച് നടപ്പിലാക്കുകയാണുണ്ടായത്. എം.ജി.പി. മുഖേന 2006 മുതൽ 1300

കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്ന പദ്ധതികൾക്കായി 1154.12 കോടി രൂപ വായ്പയായി ലഭിച്ചുവെന്നും 150 കോടി രൂപ സംസ്ഥാനം ചെലവഴിച്ചുവെന്നും 9.8 ശതമാനം പലിശയും 25 വർഷം കാലാവധിയുമുണ്ടായിരുന്ന പദ്ധതിയുടെ തുടക്കത്തിൽ 11.5 ശതമാനവും നിലവിൽ 9.5 ശതമാനവും പലിശ നിരക്കിൽ 2006 മുതൽ തിരിച്ചടവ് ആരംഭിച്ചുവെന്നും വായ്പയുടെ 30 ശതമാനം കേന്ദ്രത്തിന്റെ ഗ്രാന്റും ബാക്കി 70 ശതമാനം 15 വർഷംകൊണ്ട് തിരിച്ചടയ്ക്കണമെന്നും തിരിച്ചടവിൽ 5 വർഷത്തെ മൊറട്ടോറിയം ഉണ്ടായിരുന്നുവെന്നും ധനകാര്യ വകുപ്പ് അറിയിക്കുകയുണ്ടായി. വിവിധ വകുപ്പുകൾക്ക് ലഭിച്ച തുക, ചെലവഴിച്ച തുക, ബാക്കി വന്ന തുക ഈ പദ്ധതിയുമായി ബന്ധപ്പെട്ട് ഉദ്യോഗസ്ഥർ നടത്തിയ വിദേശയാത്രകൾ, തുക ചെലവഴിച്ചതിന്റെ ഓഡിറ്റ് റിപ്പോർട്ടുകൾ, പദ്ധതിയുടെ അവലോകന റിപ്പോർട്ടുകൾ, വായ്പാതിരിച്ചടവിന്റെ രേഖകൾ തുടങ്ങിയവയൊന്നും ഭരണസംവിധാനം കാര്യക്ഷമമാക്കാൻ കൊണ്ടുവന്ന ഈ പദ്ധതിയിൽ പൂർണ്ണമായും ലഭ്യമായിട്ടില്ല. സർക്കാരിന്റെ ഓരോ രൂപയും ചെലവഴിക്കുന്നത് സംബന്ധിച്ച് കൃത്യമായ നിയമവും വ്യവസ്ഥയും ഉണ്ടെന്നിരിക്കെ വ്യവസായ വകുപ്പ് ഒഴികെയുള്ള വിവിധ വകുപ്പുകൾക്ക് തുക ചെലവഴിച്ചത് സംബന്ധിച്ച് മാർഗ്ഗരേഖയോ മാനദണ്ഡമോ ഇല്ലെന്നുവന്നത് അത്യന്തം ഗുരുതരമായ വീഴ്ചയാണ്. പദ്ധതി നടപ്പാക്കിയ വകുപ്പുകളിൽ 10 ശതമാനം സ്ഥാപനങ്ങളെ മാതൃകാ സ്ഥാപനങ്ങളാക്കും

എന്ന വാഗ്ദാനം പാലിക്കപ്പെട്ടില്ല. പദ്ധതിയുടെ ഭാഗമായി ആരംഭിച്ച പല പദ്ധതികളും നാളിതുവരെ പൂർത്തിയായിട്ടില്ലെന്ന് മാത്രമല്ല, പൂർത്തിയായവയുടെ യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് ലഭ്യമാക്കിയിട്ടുമില്ല. മഴവെള്ളസംഭരണികളുടെ നിർമ്മാണം, അംഗൻവാടികളുടെ നിർമ്മാണം, സ്പാർക്ക്, അക്ഷയ സെന്റർ, ഇ-ഗവേണൻസ്, ജീവനക്കാരുടെ പരിശീലനം തുടങ്ങി ചില മാറ്റങ്ങൾ നടപ്പായിട്ടുണ്ട് എന്നുള്ളത് വസ്തുതയാണെങ്കിലും ഇന്നും തുടർന്നുവരുന്ന ഈ പദ്ധതികളെല്ലാം പൂർണ്ണമായി നടപ്പാക്കിയത് ഈ ഫണ്ടുപയോഗിച്ചാണോയെന്നതും വ്യക്തമല്ല. സംസ്ഥാനത്തെ ആരോഗ്യ മേഖലയെ ഗുണപരമായി നയിക്കുന്നതിനുപകരം തകർക്കപ്പെടുന്ന അവസ്ഥയിലേയ്ക്കാണ് ഈ നയത്തിലെ പല ശിപാർശകളും എത്തിച്ചേർന്നത്. സുതാര്യവും കാര്യക്ഷമവും ഘടനാപരവുമായ മാറ്റങ്ങൾ ലക്ഷ്യമിട്ടുകൊണ്ട് എം.ജി.പി. നടപ്പിലാക്കിയെങ്കിലും കടകവിരുദ്ധമായ ദിശയിലേയ്ക്കാണ് കാര്യങ്ങൾ നീങ്ങിയത്. ഈ നയത്തിന്റെ ഭാഗമായി കുടിവെള്ള വിതരണം സ്വകാര്യവത്കരിക്കുന്നതിനും ജീവനക്കാരുടെ ആനുകൂല്യങ്ങൾ കവർന്നെടുക്കുന്നതിനും പെൻഷൻ സ്വകാര്യവത്കരിക്കുന്നതിനും തീരുമാനിച്ചെങ്കിലും 2008-ൽ അധികാരമേറ്റ എൽ.ഡി.എഫ്. ഗവൺമെന്റ് ഈ പദ്ധതി എടുത്തുകളയാൻ തയ്യാറായി. സഭയുടെ വികാരം മാനിച്ചും എസ്റ്റിമേറ്റ്സ് കമ്മിറ്റിയുടെ കണ്ടെത്തലുകളുടെ അടിസ്ഥാനത്തിലും ഇതുസംബന്ധിച്ച് വിശദമായ

പരിശോധന നടത്തുമെന്ന് സഭയ്ക്ക് ഉറപ്പുനൽകുന്നു. കേരളത്തിന്റെ ഭരണരംഗം നവീകരിക്കപ്പെടുന്നതിനുതകുന്ന ഇടപെടൽ സർക്കാരിന്റെ ഭാഗത്തുനിന്നുമുണ്ടാകും. സിവിൽ സർവ്വീസിന്റെ നവീകരണം ജനകീയ താൽപ്പര്യം മുൻനിർത്തിക്കൊണ്ട് നടപ്പിലാക്കുകയും ആരോഗ്യകരമായ തൊഴിൽബന്ധങ്ങൾ വളർത്തിയെടുക്കാനും ജനകീയ താൽപ്പര്യങ്ങൾ സംരക്ഷിക്കാനുമുതകുന്ന ഭരണപരിഷ്കാരങ്ങൾക്ക് നേതൃത്വം നൽകുകയും ചെയ്യും. ഇ-ഗവേണൻസ് സമ്പ്രദായം ഫലപ്രദമാക്കി ഭരണരംഗത്തെ ജനസൗഹാർദ്ദപരമാക്കുന്ന നടപടികളുമായി മുന്നോട്ടുപോകും. ഫയൽ നടപടികൾ തീർപ്പാക്കുന്നതിനെടുക്കുന്ന കാലതാമസം ഒഴിവാക്കുകയും ഏകജാലക സംവിധാനം ശക്തിപ്പെടുത്തി സ്റ്റേറ്റ് സിവിൽ സർവ്വീസ് കേഡർ രൂപീകരിക്കുകയും ചെയ്യും. ഡയറക്ടറേറ്റ് മാതൃകയിൽ വികേന്ദ്രീകൃതവും ഫലപ്രദവുമായ സംവിധാനം കൊണ്ടുവരും. കാലഹരണപ്പെട്ട നിയമങ്ങൾ റദ്ദാക്കാനും മറ്റുള്ളവ പരിഷ്കരിക്കാനും നടപടി സ്വീകരിക്കും. ഭരണഭാഷ മലയാളത്തിലാക്കുകയും കോടതി ഭാഷ ഘട്ടംഘട്ടമായി മലയാളത്തിലാക്കുന്നതിനുള്ള ഇടപെടലുകൾ നടത്തുകയും ചെയ്തുകൊണ്ടുള്ള ജനസൗഹാർദ്ദപരമായ ഒരു സിവിൽ സർവ്വീസാണ് സർക്കാർ ലക്ഷ്യമിടുന്നത്.

മി. സ്പീക്കർ: കേരള നിയമസഭയിൽ രണ്ടാമതായാണ് നിയമസഭാ സമിതിയുടെ റിപ്പോർട്ട് ചർച്ച ചെയ്യുന്നത്. നിയമസഭാ സമിതിയുടെ അന്തസ്സും

അധികാരവും ഉയർത്തിപ്പിടിക്കാൻ ചെയർ ബാദ്ധ്യസ്ഥനാണ്. ഇനിയും ഇത്തരം അവസരങ്ങൾ ഉപയോഗപ്പെടുത്തുവാൻ ശ്രമിക്കും. അതിന് ബഹുമാനപ്പെട്ട അംഗങ്ങൾ സഹകരിക്കണം. ഈ ചർച്ചയിൽ സജീവമായി പങ്കെടുക്കുകയും അഭിപ്രായ പ്രകടനം നടത്തുകയും ചെയ്ത എല്ലാ അംഗങ്ങളെയും ബഹുമാന്യനായ മുഖ്യമന്ത്രിയെയും അനുമോദിക്കുന്നു. നിയമസഭാ സമിതി റിപ്പോർട്ട് ഗൗരവമായി കണ്ട് നടപടികൾ സ്വീകരിക്കുമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി വ്യക്തമാക്കിയിട്ടുണ്ട്.

സഭ വൈകുന്നേരം 4.39-ന് പിരിഞ്ഞു.

*****